കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**www.lfa.kerala.gov.in**

# കരുംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2017-2018**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/346 /2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,
ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in
തീയതി: 24.4.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )
കരുംകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരുംകുളം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

**വിശ്വസ്തതയോടെ,**

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

**നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/346 /2019**

**തീയതി: 24.4.2019**

# തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ **കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.9.2017 മുതൽ 21.2.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | :ശ്രീ സാജൻലാൽ എസ്.ജെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | :21.2.2019 മുതൽ 28.2.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | :ശ്രീമതി. ജയകുമാരി കെ. ആർ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br><br>ശ്രീ. രാജേഷ്.എം.ജി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br><br>ശ്രീമതി.ബിന്ദുലത ബി.പി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br><br>ശ്രീ. അരുൺ സി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br><br>ശ്രീ. രാജു.എസ്,<br>ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

<table>
<tr><td>പ്രസിഡന്റ്</td><td>ശ്രീ. ജി. ഹെസ്റ്റിൻ , 01.04.2017 മുതൽ 31.03.2018 വരെ</td></tr>
<tr><td rowspan="3">സെക്രട്ടറി</td><td>ശ്രീമതി മേരി ഇനിഗോ, 1.4.2017 മുതൽ 2.2.2018 വരെ</td></tr>
<tr><td>ശ്രീമതി മേബിൾ ഷീല (ചാർജ്ജ്), 3.2.2018 മുതൽ 6.3.2018 വരെ</td></tr>
<tr><td>ശ്രീമതി മേരി ഇനിഗോ, 7.3.2018 മുതൽ 31.3.2018 വരെ</td></tr>
</table>

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി കല്യാണിക്കുട്ടി | 1.04.2017 മുതൽ 4.10.2017 വരെ |
| | ശ്രീ. അരുൺ ജെ. പ്രതാപ് | 5.10.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് ഗവൺമെന്റ് എൽ പി എസ് പള്ളം | ശ്രീമതി ഗിരിജാകുമാരി | 1.4.2017 മുതൽ 6.7.2017 വരെ |
| | ശ്രീമതി കലാകുമാരി | 7.7.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോക്ടർ സദാശിവൻ | 1.4.2017 മുതൽ 30.4.2017 വരെ |
| | ഡോ. ബിന്ധ്യാ റാണി | 1.5.2017 മുതൽ 16.6.2017 വരെ |
| | ഡോ. നെബു ജോൺ | 17.6.2017 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | ഡോക്ടർ ബിജേഷ് | 1.4.2017 മുതൽ 27.6.2017 വരെ |
| | ഡോ. അനിൽരാജ് | 28.6.2017 മുതൽ 31.3.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി ലില്ലിഭായി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (നോർത്ത് സർക്കിൾ) | ശ്രീമതി അനുശ്രീ. | 01.04.2017 മുതൽ 31.3.2018 വരെ |
| വി.ഇ.ഒ. (സൗത്ത് സർക്കിൾ) | ശ്രീ. അഭിലാഷ് | 01.04.2017 മുതൽ 4.4.2017 വരെ |
| | ശ്രീമതി അനുശ്രീ. | 5.4.2017 മുതൽ 1.5.2017 വരെ |
| | ശ്രീ. അഭിലാഷ് | 2.5.2017 മുതൽ 2.7.2017 വരെ |
| | ശ്രീമതി ശ്രീകല | 3.7.2017 മുതൽ 30.8.2017 വരെ |
| | ശ്രീ. മനോജ്. ആർ. എസ്. | 30.8.2017 മുതൽ 30.10.2017 വരെ |
| | ശ്രീ. രാജേഷ് | 30.10.2017 മുതൽ 25.11.2017 വരെ |
| | ശ്രീ. ശിവകുമാർ. സി. | 25.11.2017 മുതൽ 31.3.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സുനിത വിഎസ് | 1.4.2017 മുതൽ 2.4.2017 വരെ |
| | ശ്രീമതി ഐറിൻ ജെ | 3.4.2017 മുതൽ 11.4.2017 വരെ |
| | ശ്രീമതി സുനിത വിഎസ് | 12.4.2017 മുതൽ31.3.2018 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ. പി എസ് മേനോൻ | 13.1.2017 മുതൽ 16.8.2017 വരെ |
| | ശ്രീമതി രാജി കെ.എസ്. | 17.8 2017 മുതൽ 31.3.2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | **ഭാഗം - 1** | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | **ഭാഗം - 2** | | |
| 13 | ബജറ്റ് രൂപീകരണം | 2-1 | |
| 14 | ഡി ആൻഡ് ഒ ലൈസൻസ് - അപാകതകൾ | 2-2 | |
| 15 | കരാർ സ്ഥാപിക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല | 2-3 | |
| 16 | ഇ ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 2-4 | |
| | **ഭാഗം-3** | | |
| 17 | മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ -പദ്ധതി നിർവഹണത്തിലെ പോരായ്മകൾ | 3-1 | |
| 18 | ഒരേ തരം പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കിൽ കരാറുകാരന് തുക നല്കി | 3-2 | |
| 19 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല. | 3-3 | |
| 20 | സാധനസാമഗ്രികൾ വാങ്ങൽ- പ്രൊക്യുയർമെന്റെ മാനുവൽ, സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കുന്നില്ല | 3-4 | |
| 21 | റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു. | 3-5 | |
| 22 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | 3-6 | |
| 23 | ആസ്തി രജിസ്റ്റർ പൂർണ്ണമല്ല | 3-7 | |

| | | | |
|---|---|---|---|
| 24 | ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ച പ്രവൃത്തികളിലെ അപാകങ്ങൾ | 3-8 | |
| 25 | കൈമാറി കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കി | 3-9 | |
| 26 | ഫ്ലോറിംഗിന് അനുവദനീയമായതിലും അധിക അളവ് ഉപയോഗിച്ച് പ്രവൃത്തി നിർവഹിച്ചു | 3-10 | |
| 27 | ടാർ വാങ്ങൽ പെട്രോളിയം കമ്പനികൾക്ക് 49,226/-രൂപ അധികം അനുവദിച്ചു. | 3-11 | |
| 28 | അധിക കനത്തിൽ ഓടയുടെ അടിഭാഗം കോൺക്രീറ്റിംഗ് ചെയ്തതിനാൽ അധിക ചെലവുണ്ടായി. | 3-12 | |
| 29 | കോൺക്രീറ്റിംഗ് ചെയ്യുന്നതിന് അധിക നിരക്ക് അനുവദിച്ചു. നഷ്ടം 69,189/- രൂപ | 3-13 | |
| 30 | 1,12,441/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല | 3-14 | |
| 31 | വനിതാ മത്സ്യ തൊഴിലാളികൾക്ക് ഐസ് ബോക്സ് വിതരണം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - | 3-15 | |
| 32 | സ്റ്റോർ പർച്ചേസ് മാന്വലും പ്രൊക്യുയർമെന്റ് കമ്മിറ്റി പാലിക്കണം | 3-16 | |
| 33 | കേരളോൽസവം-സർക്കാർ നിർദ്ദേശം അധികരിച്ചുള്ള ചെലവിന് പഞ്ചായത്ത് കമ്മിറ്റി സാധൂകരണം നൽകി- തുക തിരിച്ചടവാക്കണം | 3-17 | |
| 34 | സാക്ഷരതാ പ്രവർത്തനത്തിനുള്ള ഫണ്ടുപയോഗിച്ച് ഫർണിച്ചർ വാങ്ങി | 3-18 | |
| 35 | തുറസ്സായ കിണർ ശുചിത്വ കിണർ ആക്കി മാറ്റൽ – ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകൾ | 3-19 | |
| 36 | പാലിയേറ്റീവ് കെയർ പ്രവർത്തനം സർക്കാർ മാർഗ്ഗ രേഖക്കനുസൃതമാക്കണം | 3-20 | |
| 37 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ വിതരണം നടത്തണം | 3-21 | |
| 38 | ചെലവ് രേഖകൾ ഹാജരാക്കിയില്ല – 90000 രൂപ തടസ്സപ്പെടുത്തുന്നു. | 3-22 | |
| 39 | വനിതകൾക്ക് യോഗാ പരിശീലനം . അമിത നിരക്കൽ ഓണറേറിയം നൽകി 62,400/- രൂപ നിരാകരിക്കുന്നു. | 3-23 | |
| **ഭാഗം - 4** | | | |
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 41 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 45 | ഓഡിറ്റ് റിക്കവറി | 4-6 | |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 47 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.03.2017 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 19,25,97,097/- രൂപയും പ്രതീക്ഷിത ചെലവ് 17,94,53,230/- രൂപയും നീക്കിയിരിപ്പ് 1,31,43,867.9/- രൂപയുമാണ്. യഥാർത്ഥ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 90,46,51,852.70 രൂപയും യഥാർത്ഥ ചെലവ് 9,39,53,819/- രൂപയും നീക്കിയിരിപ്പ് 1,06,98,033.70 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 22.5.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | ഓഡിറ്റ് തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-2018 | 27.6.2018 മുതൽ 28.6.2018 വരെ | KSATVM/GP3/ 1592/2018- 2.8.2018 |

## 1-4 സാമ്പത്തികവിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 20277912.70 |
| വരവ് | : | 84373940.00 |
| ആകെ | : | 104651852.70 |
| ചെലവ് | : | 93953819.00 |
| നീക്കിയിരുപ്പ് | : | 10698033.70 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22145330 | 22145330 | 22145330 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2183048 | 2183048 | 2183048 | 0 |
| മെയിന്റനൻസ് (റോഡ്) | 0 | 15744432 | 15744432 | 15744432 | 0 |
| മെയിന്റനൻസ് (നോൺ റോഡ്) | 0 | 4678187 | 4678187 | 4678187 | 0 |
| കെ..എൽ.ജി..എസ്.ഡി.പി | 0 | 4714562 | 4714562 | 4714562 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12553775 | 12553775 | 12553775 | 0 |
| MGNREGS | 3635 | 1023507 | 1027142 | 1011364 | 15778 |
| B – ഫണ്ട് | 0 | 125640 | 125640 | 125640 | 0 |
| SBI – ഇ പേയ്മെന്റ് | 0 | 4240 | 4240 | 0 | 4240 |
| ജനറൽ പർപസ് ഫണ്ട് | 11620625 | 10170000 | 21790625 | 20688446 | 1102179 |
| തനത് ഫണ്ട് – കാഷ് | 91051 | 143258 | 234309 | 91051 | 143258 |
| തനത് ഫണ്ട് – ബാങ്ക് | 8562602 | 10887961 | 19450563 | 10017984 | 9432579 |
| തനത് ഫണ്ട് – ബാങ്ക് | -0.3 | 0 | -0.3 | 0 | -0.3 |

## 1-6 പദ്ധതി അവലോകനം

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 2981350 | 5 | 1506125 | | 1 | 83 |
| 2 | ഐ.സി.ഡി.എസ്. | 9 | 6068100 | 9 | 4793062 | | 0 | 100 |
| 3 | എ.ഇ. | 181 | 65112855 | 128 | 35879370 | | 53 | 70 |
| 4 | വി.ഇ.ഒ. | 7 | 6485000 | 7 | 4677500 | | 0 | 100 |
| 5 | വെറ്ററിനറി സർജൻ | 7 | 8400000 | 7 | 4609700 | | 0 | 100 |
| 6 | സെക്രട്ടറി | 18 | 6605455 | 10 | 3106058 | | 8 | 56 |
| 7 | എം.ഒ. പി.എച്ച്.സി. | 6 | 1625250 | 6 | 1534410 | | 0 | 100 |
| 8 | എം.ഒ. Ayurvedam | 2 | 1300000 | 2 | 1300000 | | 0 | 100 |
| 9 | സബ് ഇൻസ്പെക്ടർ - ഫിഷറീസ് | 1 | 3600000 | 0 | 0 | | 1 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | എച്ച്.എം. | 6 | 2775000 | 6 | 2673182 | | 0 | 100 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1500000 | 1 | 1500000 | | 0 | 100 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 4538750 | 2 | 140900 | | 2 | 50 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3635 | 1023507 | 1027142 | 1011364 | 15778 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21306518 | 21306518 | 21306518 | 0 |
| ആകെ | 3635 | 22330025 | 22333660 | 22317882 | 15778 |

## 1-8 ക്ഷേമപദ്ധതികൾ

2017-18 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 125640 | 217 |
| കർഷകതൊഴിലാളി പെൻഷൻ | 4857400 | 323 |
| വിധവാ പെൻഷൻ | 9270300 | 799 |
| വാർദ്ധക്യകാല പെൻഷൻ | 23714500 | 2070 |
| വികലാംഗ പെൻഷൻ | 5459400 | 489 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 257100 | 22 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.02.2019 3.00pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,189/- രൂപയുടെ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

**I)** പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | 2017-18 ൽ ഓഫീസ് മീറ്റിംഗ് കൂടിയിട്ടില്ല. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | രേഖകൾ ലഭ്യമാക്കിയില്ല. |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം സജ്ജീകരിച്ചിട്ടില്ല |
| ഫ്രണ്ട് ഓഫീസ് | | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | സൂക്ഷിച്ചിട്ടില്ല |
| 10 | സൌജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ |

| | | |
|---|---|---|
| | രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | വരുത്തിയിട്ടില്ല. ആകെ വരവ് 1,24,630/- രൂപ |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ അന്നേദിവസമോ, തൊട്ടടുത്ത ദിവസമോ സെക്ഷനുകൾക്ക് നൽകാറുണ്ട്. പി.ആർ യഥാവിധി പരിപാലിക്കുന്നില്ല |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഐ.എസ്.ഒ. യുടെ ഭാഗമായി ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട് |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേ.പ.രാ. (ഭേദഗതി) നിയമം 1999 അധ്യായം 25 സി, വകുപ്പ് 272 എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശരേഖ പുറപ്പെടുവിക്കണം.<br>പൗരാവകാശരേഖ എല്ലാ വീടുകളിലും നൽകണം. അതനിസരിച്ചുള്ള സേവനം നൽകണം. | പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. |

കാര്യാലയത്തിന്റെ പ്രവർത്തനങ്ങളും, പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

**II)** <u>ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 2017-18 ൽ സൃഷ്ടിക്കപ്പെട്ട വിവിധ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

**III)** രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനായുള്ള ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**IV** ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗനിർദേശങ്ങൾക്ക് അനുസൃതമല്ല.

ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭരണസമിതി പരിശോധിച്ച് അംഗീകരിക്കണമെന്ന മാർഗരേഖയിലെ വ്യവസ്ഥ ചില പദ്ധതികളിൽ പാലിച്ചിട്ടില്ല.(ഉദാ:- എസ്ഒ 0207/18 തുറസായ കിണർ ശുചിത്വകിണർ ആക്കി മാറ്റൽ)

**V** പഞ്ചായത്തിന്റെ സമഗ്ര വികസന പരിപാടി-മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പദ്ധതി ഫലവത്തായിട്ടില്ല.

പഞ്ചായത്തിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട പർചേസുകൾ സ്റ്റോർ പർചേസ് മാന്വൽ, പ്രൊക്യുർമെന്റ് കമ്മിറ്റി ചട്ടങ്ങൾ എന്നിവ പാലിച്ചല്ല നടന്നിട്ടുള്ളത്. ഉദാ.പ്രോജക്ട് നമ്പർ 10/18, 212/18, 135/18എന്നിവയുമായി ബന്ധപ്പെട്ട പർചേസുകൾ.

**VI** പദ്ധതി നിർവഹണം

അസി. സെക്രട്ടറി നിലവിലുള്ള ഗ്രാമപഞ്ചായത്തുകളിൽ എസ്.സി.പി ഫണ്ട് ഉപയേഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ നിർബന്ധമായും അസി. സെക്രട്ടറി നിർവ്വഹിക്കണമെന്ന് ജി.ഒ.(എം.എസ്)59/14/തസ്വഭവ തീ.22.03.14ൽ വ്യവസ്ഥയുണ്ട്. എന്നാൽ സേവനമേഖലയിലുൾപ്പെട്ട പ്രസ്തുത പദ്ധതികൾ (പ്രോജക്ട് നം.113/18,31/18) അസി.സെക്രട്ടറി നിർവ്വഹിക്കാതെ എച്ച്.എം നെ ഏൽപ്പിച്ചത് സർക്കാർ നിർദ്ദേശത്തിന്റ ലംഘനമാണ്. 27/19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 2017-18 വാർഷിക പദ്ധതി രൂപീകരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം തേടുന്ന സമയത്ത് ഗ്രാമപഞ്ചായത്തിൽ അസി.സെക്രട്ടറി തസ്തിക ഉണ്ടായിരുന്നില്ലെന്നും ആയതിനാലാണ് എച്ച്.എം.നെ മേൽ പദ്ധതികൾ ഏൽപ്പിച്ചതെന്നും സെക്രട്ടറി അറിയിച്ചു. എന്നാൽ 2018-19 വാർഷിക പദ്ധതി നടപ്പിലാക്കിയപ്പോഴും സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ലെന്ന് 2018-19ലെ ചെലവ് പത്രികയിൽ നിന്നും വ്യക്തമായി. വരും വർഷങ്ങളിൽ സർക്കാർ ഉത്തരവ് അനുസരിച്ച് മാത്രം നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ പാസാക്കുമ്പോൾ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. ചില തീരുമാനങ്ങൾ അപ്രകാരം പാസ്സാക്കിയിട്ടുണ്ട്.

**VII** മിനിട്സ് പരിപാലനം.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് ബുക്കുകളിൽ രണ്ട് തീരുമാനങ്ങൾക്കിടയിൽ തുടർച്ച ഒഴിവാക്കി പേജുകൾ ശൂന്യമായി അവശേഷിക്കുന്നുണ്ട്. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്. പ്രസിഡന്റ്, സെക്രട്ടറി എന്നിവർ തീരുമാനങ്ങൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.02.2019 | 1/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.06.2018 – 16.06.2018 | 2013-14 മുതൽ 2017-18 വരെ | 10.07.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2.8.2018ലെ കെ.എസ്.എ. ജി.പി.3/1592/18-ാം നമ്പരായി ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം

ഗ്രാമ പഞ്ചായത്തിലെ 2017-18 ബജറ്റ് കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം 29.03.2017 ൽ പാസാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഫയലുകളും രേഖകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന വസ്തുതകൾ കണ്ടു.

- വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1 & 2 പ്രകാരം ബജറ്റ് പ്രൊപോസൽ സമർപ്പിച്ചിട്ടില്ല

- പഞ്ചായത്ത് ഓഫീസിന്റെ ബജറ്റ് പ്രൊപോസൽ annexure 3 & 4 പ്രകാരം സെക്രട്ടറി തയാറാക്കിയിട്ടില്ല
- ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല annexure 5.1 & 5.2
- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദര്ശിപ്പിക്കുകയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല
- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കാറില്ല. ഇതുസംബന്ധിച്ചു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല
- ബഡ്ജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്കു നൽകുകയോ ചെയ്തിട്ടില്ല.

<u>വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു</u>

താഴെപ്പറയുന്ന ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലധികം ചെലവു ചെയ്തു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടം 72 പ്രകാരം അടുത്ത വർഷത്തെ ബജറ്റ് നിർദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റ് ആയി കണക്കാക്കാൻ പാടില്ല. എന്നാൽ കരുംകുളം ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമാണ് പുതുക്കിയ ബജറ്റ് തയാറാക്കിയത്. ആയതു ചട്ടവിരുദ്ധമാണ്. ആയതിനാൽ പുതുക്കിയ ബജറ്റ് അംഗീകരിക്കാൻ കഴിയില്ല

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|---|
| honorarium | 1675000 | 1685379 | 10379 |
| EPF Contribution | - | 22138 | 22138 |
| communication | 100000 | 106584 | 6584 |
| periodicals | 3000 | 8670 | 5670 |
| Printing | 150000 | 245914 | 95914 |

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ

കവിഞ്ഞ എന്തെങ്കിലും ചെലവ് ചെയ്യാൻ പാടില്ല.

## 2-2 ഡി ആൻഡ് ഒ ലൈസൻസ് - അപാകതകൾ

ഡി & ഒ ലൈസൻസ് നൽകിയ ആദ്യത്തെ 5 വാർഡിലെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- ട്രേഡേഴ്സ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.
- നിറപറ ഫുഡ് പ്രോഡക്ട് എന്ന സ്ഥാപനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ പത്രം 30.7.2017ൽ അവസാനിക്കുന്നതാണ്. എന്നാൽ മുഴുവൻ വർഷത്തേക്ക് ഡി & ഒ ലൈസൻസ് നൽകി.
- ലൈവ് സ്റ്റോക്ക് റൂൾസ് അനുസരിച്ച് പൗൾട്രി ഫാമുകൾക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്. എന്നാൽ JS Poultry Farm, SP Poultry Farm എന്നീ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് മാത്രമാണ് ആണ് അനുവദിച്ചിരിക്കുന്നത്. 2012ലെ കേരള പഞ്ചായത്ത് കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ചുള്ള ലൈസൻസ് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ എടുത്തിട്ടില്ല.
- അശ്വതി മെഡിക്കൽസ്, ദർശന മെഡിക്കൽസ് എന്നീ സ്ഥാപനങ്ങൾക്ക് Registered Pharmacist എന്ന സർട്ടിഫിക്കറ്റില്ലാതെ ലൈസൻസ് അനുവദിച്ചു.
- ക്ലാസിക് എക്സ്റ്റീരിയർ ഡിസൈൻ എന്ന സ്ഥാപനത്തിന് അഗ്നി ശമന സേനയുടെ നിരാക്ഷേപ പത്രം ഇല്ലാതെ ലൈസൻസ് അനുവദിച്ചു.

ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഈ വിഷയങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-3 കരാർ ചമയ്ക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല

സ.ഉ.(പി) 13/2012/പി.ഡബ്ല്യു.ഡി. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതാണ്. തുടർന്ന് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഒടുക്കി കരാർ വയ്ക്കാൻ അനുവദിക്കാവുന്നതാണ്. വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്ത് കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കരാർ ചമച്ചതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ.

| പ്രോ. നം | പ്രോജക്ടിന്റെ പേര് | പി.എ.സി. | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 147/18 | മുതുപുരയിടം | 276145 | ജിനീഷ് | 31.08.2017 | 25.09.2017 | 2761 |

| | | | | | | |
|---|---|---|---|---|---|---|
| | നടപ്പാത കോൺക്രീറ്റ് | | ആർ.എസ്. | | | |
| 164/18 | തൈവിളാകം നടപ്പാത കോൺക്രീറ്റ് | 215881 | സാം സെൽവിൻ | 31.08.2017 | 14.09.2017 | 2159 |
| 150/18 | പനനിന്ന റോഡ് റീടാറിംഗ് | 324938 | സിറിൽ ജി | 31..08.2017 | 25.09.2017 | 3249 |
| 223/18 | പണ്ടകശാല പുരയിടം (പുല്ലുവിള) നടപ്പാത ഇന്റർലോക്കിംഗ് | 119946 | ഡി ജോണി | 19.01.2018 | 19.03.2018 | 1199 |
| 221/18 | ഇരയിമ്മൻതുറ പുരയിടം നടപ്പാത ഇന്റർലോക്കിംഗ് | 79747 | സജി സി | 31.08.2017 | 16.09.2017 | 797 |
| 171/18 | ഉറക്കിണറ്റടി നടപ്പാത ഇന്റർലോക്കിംഗ് | 149419 | ഡി ജോണി | 14.12.2017 | 30.12.2017 | 1494 |
| 167/18 | വലവീശികാണി നടപ്പാത ഇന്റർലോക്ക് | 177049 | ജി സിറിൽ | 31.08.2017 | 25.09.2017 | 1770 |
| 80/18 | മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണം | 599910 | രാജൻ | 29.04.2017 | 16.05.2017 | 6000 |

പിഴ ഈടാക്കാതെ കരാർ ചമയ്ക്കുന്നതിന് അനുമതി നൽകാനുണ്ടായ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 4/23.02.2019) മറുപടി ലഭ്യമാക്കിയില്ല.

പിഴ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുകൾ ചമക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദിഷ്ട സമയപരിധി പാലിക്കേണ്ടതും, വീഴ്ച വരുത്തുന്നപക്ഷം പിഴ ഈടാക്കുവാനും, സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഇ ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ 6 പ്രവൃത്തികൾക്കും, 2017- 18 സാമ്പത്തിക വർഷത്തിൽ 30 പ്രവൃത്തികൾക്കും ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. പ്രസ്തുത ഇ-ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയിനത്തിൽ 2,44,305/- രൂപ ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുണ്ട്. (ഓഡിറ്റ് അന്വേഷണം നം.2/21.02.2019 നുള്ള മറുപടി).

ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ - പദ്ധതി നിർവഹണത്തിൽ പോരായ്മകൾ

| | |
|---|---|
| പ്രോജക്ട് നം | :എസ്ഒ 0266/18 (പഞ്ചായത്തിന്റെ സമഗ്ര വികസന പരിപാടി-മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ) |
| അടങ്കൽ | :9,90,000/- രൂപ (തനത് ഫണ്ട്) |
| ചെലവ് | :4,95,000/- രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | :സെക്രട്ടറി |

മാലിന്യ നിർമ്മാർജ്ജനം, മണ്ണ്-ജലസംരക്ഷണം, വെള്ളക്കെട്ട് നിയന്ത്രണം എന്നിവ ഉൾപ്പെടെ പഞ്ചായത്തിന്റെ പരിഹരിക്കാതെ കിടക്കുന്ന വികസനപ്രവർത്തനങ്ങളെ സമഗ്രമായിക്കണ്ട് പരിഹാരപ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. G.O (Rt) 3081/2003/LSGD തീയതി 25.08.2003 പ്രകാരം പഞ്ചായത്ത് വിഭവ ഭൂപടനിർമ്മാണം, നീർത്തടവികസനം, മഴവെള്ള സംഭരണം, വൈദ്യുതലൈൻ ഭൂപടനിർമ്മാണം, എന്നീ മേഖലകളിലെ പ്രോജക്ട് നിർവഹണം നടത്തുന്നതിനുള്ള ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) നെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ ഏൽപ്പിച്ചത്.

**പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.**

1. അയൽസഭ രൂപീകരണം / പുനഃസംഘടിപ്പിക്കൽ എന്ന ഇനത്തിനായി 1,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ നടത്താമായിരുന്ന ഇത്തരം പ്രവർത്തനങ്ങൾ ഏജൻസിയെ ഏൽപ്പിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിനു അയൽസഭകൾ മുൻപ് തന്നെ രൂപീകരിച്ചിട്ടുണ്ടെന്നു പദ്ധതിയിൽ അയൽസഭകളുടെ പങ്കും സ്വാധീനവുമാണ് ഉദ്ദേശിച്ചത് എന്നുമാണ് സെക്രട്ടറി അറിയിച്ചത്. ആയത് തൃപ്തികരമല്ല.

2. 28.11.2017 ന് IRTC രജിസ്ട്രാറും പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഏർപ്പെട്ട കരാറിൽ, ആദ്യ ഗഡു നൽകി 6 മാസത്തിനകം മാസ്റ്റർപ്ലാൻ പഞ്ചായത്തിനു കൈമാറുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 18.12.2017 ന് ആദ്യ ഗഡുവായ 4,95,000/- രൂപ കൈമാറിയെങ്കിലും നാളിതു വരെ മാസ്റ്റർപ്ലാൻ തയ്യാറാക്കി നൽകിയിട്ടില്ല.

3. ഭരണസമിതിയുടെ നിർദേശാനുസരണം പഞ്ചായത്ത് സെക്രട്ടറിയും IRTCക്കു വേണ്ടി രജിസ്ട്രാറും ചേർന്ന് തയ്യാറാക്കിയ കരാറിൽ നിശ്ചിത സമയത്തിനുള്ളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി നൽകാൻ ബാദ്ധ്യതപ്പെടുത്തുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നില്ല.

4. മാസ്റ്റർപ്ലാൻ തയ്യാറാക്കൽ സംബന്ധിച്ച പുരോഗതി ലഭ്യമാക്കുന്ന രേഖകൾ പദ്ധതി ഫയലിനോടൊപ്പം സമർപ്പിക്കാത്തതിനാൽ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല.

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് സമഗ്ര വികസനത്തിനായുള്ള തുടർനടപടികൾ സത്വരം സ്വീകരിച്ച് മേൽ പദ്ധതിയുടെ ലക്ഷ്യപ്രാപ്തി ഉറപ്പു വരുത്തേണ്ടതാണ്.

## 3-2 ഒരേ തരം പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കിൽ കരാറുകാരന് തുക നല്കി

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ മാലിന്യം നീക്കൽ എന്ന വിവിധ പദ്ധതികളിൽ (പ്രോജക്ട് നം. 233/18 – വാർഡ് I, പ്രോജക്ട് നം. 235/18 - വാർഡ് -16 , പ്രോജക്ട് നം. – 236/18 - വാർഡ് 17) JCB പ്രവർത്തിപ്പിച്ചതിനും 237/18-ാം നമ്പർ പദ്ധതിയിൽ (വാർഡ് 18) ടിപ്പർ ഉപയോഗിച്ചതിനും യഥാക്രമം 1132രൂപ /മണിക്കൂർ, 2717 രൂപ /ദിനം എന്ന നിരക്കിൽ കരാറുകാരന് നൽകിയതായി പരിശോധനയിൽ വ്യക്തമായി. എന്നാൽ 10/17-18 എന്ന പദ്ധതിയിൽ (കൊച്ചെടത്വ പള്ളി തിരുനാൾ-ഉത്സവ മേഖലയിൽ അടിസ്ഥാനസൗകര്യങ്ങളും സേവനങ്ങളും) യഥാക്രമം 700 രൂപ/മണിക്കൂർ, 500 രൂപ/ മണിക്കൂർ എന്നിങ്ങനെയാണ് അതേ കരാറുകാരന് നൽകിയത്. ഇതു സംബന്ധിച്ച ഓഡിറ്റ്

അന്വേഷണക്കുറിപ്പിനു നൽകിയ മറുപടിയിൽ മാലിന്യം നീക്കൽ എന്ന വിവിധ പദ്ധതികളിൽ DSR പ്രകാരവും (10880.70 രൂപ/ദിനം, 3013.12രൂപ/ദിനം) 10/17-18 എന്ന പദ്ധതിയിൽ പ്രാദേശികമായി നിലവിലുണ്ടായിരുന്ന നിരക്കുകളുമാണ് കരാറുകാരന് നൽകിയതെന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ, അപ്രകാരം വ്യത്യസ്ത നിരക്കുകൾ നൽകാനിടയായ കാരണം ലഭ്യമാക്കിയിട്ടില്ല. സമാന സ്വഭാവമുള്ള പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കുകൾ അനുവദിച്ചത് ശരിയായ നടപടിയല്ല. വരുംകാലങ്ങളിൽ മേൽ സൂചിപ്പിച്ച വിധമുള്ള പ്രവൃത്തികൾക്ക് ഏറ്റവും കുറഞ്ഞ ഏകീകൃത നിരക്കുകൾ അനുവദിക്കുന്നത് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

## 3-3 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല.

അടങ്കൽ - 1,68,844 (CFC – 68,829 , തനത് ഫണ്ട് - 1,00,015 )

ചെലവ് - 1,64,148 (CFC – 67,988 , തനത് ഫണ്ട് - 96,160 )

നിർവഹണം - സെക്രട്ടറി

പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

**1.** മെയിന്റനൻസ് നടത്തിയ ലൈറ്റുകളുടെ എണ്ണം പഞ്ചായത്ത് അധികൃതർ തിട്ടപ്പെടുത്തിയതു സംബന്ധിച്ച രജിസ്റ്റർ/രേഖകൾ ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഓരോ വാർഡിലുമുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം അറിയാൻ കഴിഞ്ഞിട്ടില്ല.

**2.** വാർഡ് മെമ്പർമാർ എണ്ണം സാക്ഷ്യപ്പെടുത്തിയതിനോടൊപ്പമുള്ള പട്ടികയിൽ ചേർത്തിട്ടുള്ള ലൈറ്റുകളുടെ/പോസ്റ്റുകളുടെ എണ്ണവുമായി കരാറുകാരൻ നൽകിയ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ എണ്ണം | | സാക്ഷ്യപ്പെടുത്തലിനോടൊപ്പമുള്ള പട്ടികയിൽ ഉള്ള എണ്ണം (സിംഗിൾ ട്യൂബ് / ഡബിൾ ട്യൂബ് ഏതാണെന്ന് വ്യക്തമല്ല) |
|---|---|---|---|
| | സിംഗിൾ ട്യൂബ് | ഡബിൾ ട്യൂബ് | |
| 1 | - | 16 | 31 |
| 2 | - | 62 | 31 |
| 3 | 56 | - | 56 |
| 4 | - | 32 | 32 |
| 5 | - | 32 | 29 |
| 6 | 23 | - | 31 |
| 7 | 22 | 12 | 24 |
| 8 | - | 15 | 30 |

| | | | |
|---|---|---|---|
| 9 | 5 | 24 | 29 |
| 10 | 6 | 1 | 8 |
| 14 | - | 18 | 31 |
| 15 | - | 22 | 29 |
| **ആകെ** | **112** | **234** | **361** |

സ്ട്രീറ്റ് ലൈറ്റുകളുകടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിപാലിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. മെയിന്ററനൻസ് നടത്തേണ്ടുന്നവയുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും അറ്റകുറ്റ പണികൾ പൂർത്തിയാക്കിയ ശേഷം ആയത് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനും പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുവാനുള്ള നടപടി വരും വർഷങ്ങളിൽ കൈക്കൊള്ളേണ്ടതാണ്.

## 3-4 സാധനസാമഗ്രികൾ വാങ്ങൽ-പ്രൊക്യുർമെന്റെ മാന്വൽ, സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കുന്നില്ല

പ്രോക്യുയർമെൻറ് കമ്മിറ്റിയുടെ പ്രവർത്തനം മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച പ്രകാരം സുതാര്യമല്ല .

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ ജി.ഒ.പി 259/ 2010/തസ്വഭവ തീയതി 8.11.2010 നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്,വൈസ് പ്രസിഡന്റ് , സെക്രട്ടറി എല്ലാ സ്റ്റാൻഡിഗ് കമ്മിറ്റി ചെയർമാന്മാരും, നിർവഹണ ഉദ്യോഗസ്ഥരും നിർബന്ധമായും പ്രോക്വയർമെൻറ് കമ്മിറ്റിയിൽ അംഗമായിരിക്കേണ്ടതാണ് . സെക്രട്ടറി കൺവീനറായിരിക്കും ക്വട്ടേഷൻ / ടെൻഡർ നടപടികളെ തുടർന്ന് സമർപ്പിതമായ ഓരോ ടെൻഡർ രേഖകളുടെയും പരിശോധന സെക്രട്ടറിയോ നിർവഹണ ഉദ്യോഗസ്ഥനോ നടത്തേണ്ടതും ആയതിനുശേഷം പ്രൊക്യുർമെൻറ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതുമാണ് . പ്രൊക്യുർമെൻറ് കമ്മിറ്റി രേഖകളുടെ സൂഷ്മ പരിശോധന നടത്തിയശേഷം ഉചിതമായ തീരുമാനമെടുത്ത് ഭരണസമിതിയുടെ അംഗീകാരത്തിനായി ശിപാർശ്ശ നൽകേണ്ടതുമാണ് . ഭരണസമിതി അംഗീകാരത്തിൽ ടെൻഡറിൽ സൂചിപ്പിച്ച യഥാർത്ഥ സ്പെസിഫിക്കേഷൻ സൂചിപ്പിക്കേണ്ടതാണ് .

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ പ്രൊക്വുർമെന്റ് കമ്മിറ്റി കൂടിയത് 11.07.2017ൽ ആണ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ പർചേസുകൾക്ക് അനുമതി നൽകുന്നതായി ജനറൽ കമ്മിറ്റി തീരുമാനമെടുക്കുന്നതിന്, മുൻപ് ക്വട്ടേഷനുകൾ പ്രൊക്യുയർമെന്റ് കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തി

ഉചിതമായ തീരുമാനമെടുത്ത് ജനറൽ കമ്മിറ്റിക്ക് മുൻപാകെ സമർപ്പിച്ചിട്ടില്ല. ഒരേ സ്വഭാവമുള്ള പർചേസുകൾക്ക് ഒരു സാമ്പത്തികവർഷം ഒറ്റ ടെണ്ടർ മാത്രമേ ക്ഷണിക്കാവൂ എന്നിരിക്കെ പാർട്ട് പാർട്ടായി ക്വട്ടേഷൻ വിളിച്ച് പർചേസുകൾ നടത്തിയിട്ടുണ്ട്. സ്റ്റോർപർചേസ് മാന്വലും പ്രൊക്യുർമെന്റ് കമ്മിറ്റി ചട്ടങ്ങളും പാലിക്കാതെ ഗ്രാമപഞ്ചായത്തിൽ പർചേസ് നടത്തിയതിന്റ ഉദാഹരണങ്ങളാണ് പ്രോജക്ട് നം. 212/18,10/18, 31/18 എന്നിവയ്ക്കുള്ള പർചേസുകൾ.

## 3-5 റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു.

29.03.2017-ലെ ജി.ഒ(എം.എസ്)72/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. അസി.എഞ്ചിനീയർ നിർവഹണം നടത്തിയ 181 പദ്ധതികളിൽ 112 പദ്ധതികളും റോഡ് നടപ്പാത പ്രവൃത്തികളാണ്. എന്നാൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/21.2.2019) റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കി വരുന്നതായി മറുപടി ലഭ്യമാക്കി. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതും, റോഡ് വികസനം, പരിപാലനം എന്നിവ റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

പ്രോ. നം. 46/18 പുല്ലുവിള എസ്.എ. തിയേറ്ററിനു സമീപത്തും ചെമ്പകരാമൻതുറ ബീച്ച് ചാരത്തടി ഭാഗത്തുമുള്ള കമ്മ്യൂണിറ്റി ടോയ്ലറ്റുകൾ നവീകരണം പദ്ധതിയുടെ പ്രവൃത്തി കാലയളവ് 5 മാസമായിരുന്നു (റ്റി.എസ്. സ്ലിപ് പ്രകാരം). 30.03.2017ന് കരാർ വച്ച കരാറുകാരൻ 10.04.2017 ന് പ്രവൃത്തി ആരംഭിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. കരാർ അനുസരിച്ച് 31.08.2017 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ രണ്ടു തവണകളിലായി അഭ്യർത്ഥിച്ചതിൻ പ്രകാരം നിർവഹണാധികാരി രണ്ടു തവണകളിലായി 31.03.2018 വരെ കരാർ കാലയളവ് ദീർഘിപ്പിച്ചു നൽകി (പിഴ കൂടാതെ). എന്നാൽ ഇതിനു ഭരണസമിതിയുടെ അംഗീകാരം നേടിയിട്ടില്ല. സ.ഉ. (പി)13/2012/പൊ.മ.വ തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ

വീഴ്ചയാലല്ലാതെയുള്ള കാലതാമസത്തിന്, വ്യക്തമായ കാരണങ്ങളുള്ളതായി ബോധ്യമുള്ള പക്ഷം കരാറുകാരന് പ്രവൃത്തി കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം അനുവദിക്കാവുന്ന പരമാവധി കാലയളവ് ഒറിജിനൽ കാലയളവിന്റെ പകുതി മാത്രമാണ്. അതായത് മേൽ പ്രവൃത്തിക്ക് അനുവദിക്കാമായിരുന്ന പരമാവധി കാലയളവ് 15.11.2017 വരെ മാത്രമാണ്. പ്രവൃത്തി നിർവഹണത്തിനായി നൽകപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-7 ആസ്തി രജിസ്റ്റർ പൂർണ്ണമല്ല

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. കുടിവെള്ള പദ്ധതികൾ, ഡ്രെയിനുകൾ, മൂവബിൾ അസ്സറ്റ്സ് എന്നിവ തിട്ടപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ (സോഫ്റ്റ് കോപ്പി) ലാൻഡ്, ബിൽഡിംഗ്സ്, റോഡ്സ് എന്നിവ സംബന്ധിച്ച വിവരം മാത്രമാണുള്ളത്. എന്നാൽ പ്രസ്തുത വിവരങ്ങളും അപൂർണ്ണമാണ്. തൻ വർഷത്തിൽ സൃഷ്ടിക്കപ്പെട്ട വിവിധ ആസ്തികൾക്കു പുറമേ സാമ്പത്തിക വർഷത്തിൽ പുനരുദ്ധാരണം നടത്തപ്പെട്ട ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) എം. ആർ.എം. ചർച്ച് റോഡിന് സൈഡ് വാൾ നിർമ്മാണം (പ്രോ. നം. 49 /18)

ബി) വെളിത്തട്ട് റോഡ് റീടാറിംഗ് (പ്രോ. നം.154/18)

ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും, വിവരങ്ങൾ യഥാവിധി ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ ആധികാരികമാക്കേണ്ടതുമാണ്. പദ്ധതികളിലൂടെ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ തദ്ദേശ സ്ഥാപനത്തിന്റെ ആസ്തിയാക്കി മാറ്റുന്നുവെന്നും, അവയുടെ പരിപാലനവും, സംരക്ഷണവും യഥാവിധി നടപ്പാക്കപ്പെടുന്നുവെന്നും ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മിറ്റികളും, ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ച പ്രവൃത്തികളിലെ അപാകങ്ങൾ

ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ സർക്കുലർ നമ്പർ 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തീയതി 23.08.2017 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ സമിതി അംഗീകരിച്ചിട്ടില്ല. കൺവീനറെയും, ചെയർമാനെയും തെരഞ്ഞെടുത്തതല്ലാതെ പ്രവൃത്തികളുടെ നിർവഹണത്തിലും, വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിലും സമിതി ഇടപെട്ടിട്ടില്ല. വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്ത വിവരം തയ്യാറാക്കിയിട്ടില്ല.

നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കിയതിനുള്ള വൗച്ചറുകൾ, തൊഴിലാളികളുടെ മസ്റ്റർ റോൾ എന്നിവയൊന്നും യഥാവിധി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

എ) <u>വൗച്ചറുകളുടെ അഭാവത്തിലും ബില്ലുകൾ അനുവദിച്ചിരിക്കുന്നു.</u>

ഗുണഭോക്തൃസമിതി മുഖാന്തിരം പ്രവൃത്തികൾ നിർവഹിക്കുമ്പോൾ സമിതിക്കുണ്ടാകുന്ന യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്ക് ചെലവ് രേഖകൾ ഇല്ലാതെ തന്നെ ബിൽ തുക അനുവദിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ. നം. | പ്രോജക്ടിന്റെ പേര് | കൺവീനർ | ചെലവ് തുക | ബിൽ നം., തീയതി | ലഭ്യമായ വൗച്ചറുകളിലെ തുക |
|---|---|---|---|---|---|
| 50/18 | എസ്.എൻ.ഡി.പി. പരുത്തുപ്പാറ റോഡ് | മിനി | 414492 | 75/30.08.2017 | - |
| 72/18 | പള്ളികെട്ടിയ പുരയിടം നടപ്പാത കോൺക്രീറ്റ് | സേവ്യർ | 41240 | 33/21.07.2017 | - |
| 64/18 | ചെക്കിട്ടവിളാകം നടപ്പാത | യൂജിൻ | 151086 | 41/26.07.2017 | - |
| 71/18 | തെറ്റിനിന്ന പുരയിടം നടപ്പാത കോൺക്രീറ്റ് | പത്രോസ് | 70270 | 34/15.07.2017 | - |
| 53/18 | നമ്പ്യാതി പയറ്റുവിള നടപ്പാത കോൺക്രീറ്റ് | ഷാജി | 73143 | 39/26.07.2017 | - |
| 38/18 | ഗാന്ധി ജയന്തി റോഡ് മെയിന്റനൻസ് | സന്തോഷ് കുമാർ | 323968 | 70/25.08.2017 | 66011 |
| 40/18 | ആഴാംകൽ ഇടറോഡ് മെയിന്റനൻസ് | പീറ്റർ | 89729 | 73/30.08.2017 | 30361 |
| 42/18 | പെരുമരക്കാല റോഡ് സെക്കന്റ് മെറ്റലിംഗ് ആന്റ് ടാറിംഗ് | ഉഷാകുമാരി ആർ | 150150 | 102/22.11.2017 | 39174 |
| 33/18 | പൊടുവൽപ്പാലം അപ്രോച്ച് റോഡ് രണ്ടാം ഘട്ട മെറ്റലിംഗ് ടാറിംഗ് & സൈഡ് വാൾ കൺസ്ട്രക്ഷൻ | അശോകൻ | 84912 | 23/30.06.2017 | 22174 |

| | | | | | |
|---|---|---|---|---|---|
| 34/18 | ഇരയിമ്മൻ തുറ ബീച്ച് റോഡ് രണ്ടാം ഘട്ട മെറ്റലിംഗ് ടാറിംഗ്, ഫസ്റ്റ് ഫെയ്സ് | ജോസഫ് എം സൈമൺ | 377998 | 22/30.06.2017 | 98601 |
| 52/18 | മുണ്ടുവിള റോഡ് റീ മെറ്റലിംഗ് & ടാറിംഗ് | വിൽസൺ ആർ | 70947 | 106/25.11.2017 | 18686 |
| 61/18 | പി. പി. വിളാകം റോഡ് | വിൻസി | 475083 | 15/30.06.2017 | - |
| 78/18 | കമ്മ്യൂണിറ്റി ഹാൾ നവീകരണം | വീണ | 280812 | 74/30.08.2017 | - |
| 79/18 | ചെമ്പകരാമൻതുറ ഫിഷ് ലാന്റിംഗ് സെന്റർ നവീകരണം | ജെറോൺ | 339631 | 26/21.07.2017 | - |

ലഭ്യമാക്കിയ ചെലവു വൗച്ചറുകളിലും അധികമായി ചെലവു ചെയ്യുവാനുണ്ടായ സാഹചര്യം അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/23.02.2019) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃസമിതി അംഗീകരിച്ച വരവു ചെലവു കണക്കുകളോ, ബിൽ തുകയോ ഏതാണോ കുറവ് പ്രസ്തുത തുകയാണ് ഗുണഭോക്തൃ സമിതിക്ക് അനുവദിക്കേണ്ടത്.

ഗുണഭോക്തൃ സമിതി നിർവഹിക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പുവരുത്തുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും പരാജയപ്പെട്ടതായി വിലയിരുത്തുന്നു. ഗുണഭോക്തൃസമിതി മുഖാന്തിരം പദ്ധതികൾ നിർവഹിക്കുമ്പോൾ ആവശ്യമായ രേഖകൾ എല്ലാം ലഭ്യമാക്കിയ ശേഷം മാത്രം ബിൽ തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) <u>ഓവർഹെഡ് ചാർജ്ജസ് കുറവ് വരുത്തിയില്ല</u>

ചീഫ് എഞ്ചിനീയറുടെ 29.12.2016 തീയതിയിലെ സർക്കുലർ നം. ഡി.ബി.3-6512(ബി) / 2013/സി.ഇ./ത.സ്വ.ഭ.വ. പ്രകാരം mord ഉപയോഗിച്ചു നിർവഹിക്കുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃസമിതികൾക്ക് ബിൽ തുക അനുവദിക്കുമ്പോൾ 7.5% ഓവർ ഹെഡ് ചാർജ്ജസ് മാത്രം അനുവദിക്കണമെന്നും, അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ്ജസ് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളിലും ബിൽ അനുവദിക്കുമ്പോൾ ആയത് കുറവ് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തിയുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർഹെഡ് ചാർജ്ജസ് നൽകി എസ്റ്റിമേറ്റ്

തയ്യാറാക്കിയതായും ഓവർ ഹെഡ് ചാർജ്ജസ് കുറവു വരുത്താതെ ബിൽ തുക അനുവദിച്ചതായും കാണുകയുണ്ടായി.

| പ്രോ. നം. | പ്രോജക്ട്ടിന്റെ പേര് | കൺവീനർ | ബിൽ നം., തീയതി | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|
| 70/18 | ജെ.എസ്.എ.സി. നടപ്പാത കോൺക്രീറ്റ് | ക്ലീറ്റസ് | 127/11.01.2018 | 199962 | 195417 | 4545 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/21.02.2019) പ്രൈസ് മുഖാന്തിരം തയ്യാറാക്കിയ എസ്റ്റിമേറ്റ് നിരക്കാണ് അനുവദിച്ചിട്ടുള്ളത് എന്നും, സർക്കുലർ പ്രകാരമുള്ള മാറ്റങ്ങൾ പ്രൈസിൽ വരുത്താത്തതിനാലാണ് അധിക തുക വകയിരുത്താനിടയായത് എന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി തൃപ്തികരമല്ല. ഓവർ ഹെഡ് ചാർജസ് കുറവു ചെയ്യണമെന്ന നിർദ്ദേശം ലഭിച്ചിട്ടും ആയത് കുറവു ചെയ്യാതെ ബിൽ അനുവദിച്ചത് അംഗീകരിക്കുന്നില്ല. അധികമായി അനുവദിച്ച തുക 4,545/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-9 കൈമാറി കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166വകുപ്പ്, (1)-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം പ്രൈമറി, പ്രീ പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ മേൽ നിയമത്തിലെ 173വകുപ്പ്, (1)-ാം ഉപവകുപ്പ് 5-ാം പട്ടിക പ്രകാരം സർക്കാർ ഹൈ സ്കൂളുകളുടെയും, അവയോടൊപ്പമുള്ള എൽ. പി., യു.പി. സ്കൂളുകളുടെയും നടത്തിപ്പ് ചുമതല ജില്ലാ പഞ്ചായത്തുകൾക്കാണ് നൽകപ്പെട്ടിരിക്കുന്നത്. തൻ വർഷം ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള പുല്ലുവിള ലിയോ 13 ഹയർ സെക്കണ്ടറി സ്കൂളിൽ ലേഡീസ് ഫ്രണ്ട് ലി ടോയ് ലറ്റ് നിർമ്മാണം പദ്ധതി (പ്രോ. നം. 101/18 ) പ്രകാരം ഒരു ടോയ്ലറ്റ് കോംപ്ലക്സ് സ്ഥാപിച്ചു നൽകിയിട്ടുണ്ട്. ഇതിലേക്കായി 15,01,751/- രൂപ ചെലവു ചെയ്തു (ബിൽ നം.66/26.08.2017 – 1352719, 71/26.08.2017 – 149032). പ്രസ്തുത പദ്ധതി മേൽ വ്യവസ്ഥകൾക്കു വിരുദ്ധമാണ്.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 34 തീയതി 27.02.2019 ) മറുപടി ലഭ്യമാക്കിയില്ല.

നിയമവ്യവസ്ഥകൾക്കും വിരുദ്ധമായി കൈമാറി കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിൽ

പദ്ധതി തുക വിനിയോഗിച്ചത് പദ്ധതി ആസൂത്രണം, മോണിട്ടറിംഗ് എന്നിവയുടെ അപാകതയായി വിലയിരുത്തുന്നു. ബന്ധപ്പെട്ട നിയമങ്ങളും ഉത്തരവുകളും പാലിച്ചു മാത്രം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും, സ്റ്റാന്റിംഗ് കമ്മിറ്റികളും ഇത്തരം വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി തുക ഗ്രാമപഞ്ചായത്തിനു കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ സൗകര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

## 3-10 ഫ്ലോറിംഗിന് അനുവദനീയമായതിലും അധിക അളവ് ഉപയോഗിച്ച് പ്രവൃത്തി നിർവഹിച്ചു.

ചീഫ് എഞ്ചിനീയറുടെ 20.01.1994 തീയതിയിലെ ടെക്നിക്കൽ സർക്കുലർ നം. 1/94 പ്രകാരം ഫ്ലോറിംഗിനുള്ള കോൺക്രീറ്റ് 1:4:8 ൽ 75mm കനത്തിലാണ് ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവൃത്തികളിൽ ആയതിലും അധികകനത്തിൽ ഫ്ലോറിംഗ് കോൺക്രീറ്റ് ചെയ്തിരിക്കുന്നു.

ഉദാഹരണം ചുവടെ.

1) **<u>ഫിഷ് ലാന്റിംഗ് സെന്റർ നവീകരണം</u>**

| | |
|---|---|
| പ്രോജക്ട് നം. | 79/18 |
| അടങ്കൽ തുക | 3,50,000/- ധനകാര്യ കമ്മിഷൻ അവാർഡ് |
| ചെലവ് തുക | 33,963/- |
| ബിൽ നം., തീയതി | Sl no. 60 . construction of stage, park and maintenance nellivila 8.2.18 |
| എം ബുക്ക് നം | 454/16-17 |
| കൺവീനർ | ജെറോൺ |
| കോസ്റ്റ് ഇൻഡക്സ് | 46.67% ഡി.എസ്.ആർ 2014 |

| ഇനം | ചെയ്ത അളവ് | അനുവദനീയമായ അളവ് | നിരക്ക് | അനുവദിച്ച തുക | അനുവദനീയമായ തുക | അധിക ചെലവ് | എം ബുക്ക് പേജ് നം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| ഇനം 6 – 4.1.8 providing and laying in position cement concrete of specified grade exclusidng the cost of centering and shuttering – All woork up to plinth level 1:4:8 (1 cement : 4 coarse sand : 8 graded stone aggregate 40 nominal size) | 19.90x6.3x.1 = 12.537m$^3$ | 19.90x6.3x.075 = 9.4m$^3$ | 5897.07/m$^3$ | 73931.57 | 55432.46 | 18499 | 10,34 |

2) **മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണം**

| | |
|---|---|
| പ്രോജക്ട് നം. | 80/18 |
| അടങ്കൽ തുക | 6,00,000/-<br>വികസന ഫണ്ട് (ജനറൽ) |
| ചെലവ് തുക | 4,18,037/- |
| ബിൽ നം., തീയതി | 45/26.07.2017 |
| എം ബുക്ക് നം | 469/16-17 |
| കരാറുകാരൻ | രാജൻ |
| കോസ്റ്റ് ഇൻഡക്സ് | 46.67%<br>ഡി.എസ്.ആർ 2014 ഇടെണ്ടർ |

| ഇനം | ചെയ്ത അളവ് | അനുവദനീയമായ അളവ് | നിരക്ക് | അനുവദിച്ച തുക | അനുവദനീയമായ തുക | അധിക ചെലവ് | എം ബുക്ക് പേജ് നം |
|---|---|---|---|---|---|---|---|
| ഇനം 7 – 4.1.8 | 4.2x3.7x.1 | 4.2x3.7x.075 | 4857.54m$^3$ | 7548.61 | 5661.46 | 1887 | 47,55 |

| | | | | | | | |
|---|---|---|---|---|---|---|---|
| providing and laying in position cement concrete of specified grade exclusidng the cost of centering and shuttering – All woork up to plinth level 1:4:8 (1 cement : 4 coarse sand : 8 graded stone aggregate 40 nominal size) | $=1.554m^3$ | $= 1.1655m^3$ | | | | | |

### 3) പുല്ലുവിള ലിയോ 13 ഹയർ സെക്കണ്ടറി സ്കൂളിൽ ലേഡീസ് ഫ്രണ്ട് ലി ടോയ് ലറ്റ് നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം. | 101/18 |
| അടങ്കൽ തുക | 20,00,000/- കെ.എൽ.ജി.എസ്.ഡി.പി. |
| ചെലവ് തുക | 1501751 |
| ബിൽ നം., തീയതി | 66/26.08.2017-1352719,<br>71/26.08.2017-149032 |
| എം ബുക്ക് നം | 411/16-17<br>424/16-17<br>43/17-18 |
| കരാറുകാരൻ | രാജൻ ആർ.കെ. |
| കോസ്റ്റ് ഇൻഡക്സ് | 46.67% ഡി.എസ്.ആർ 2014 ഇടെണ്ടർ |

| ഇനം | ചെയ്ത അളവ് | അനുവദനീയമായ അളവ് | നിരക്ക് | അനുവദിച്ച തുക | അനുവദനീയമായ തുക | അധിക ചെലവ് | എം ബുക്ക് പേജ് നം |
|---|---|---|---|---|---|---|---|
| ഇനം 1 – 4.1.8 providing and laying in position cement concrete of specified grade | $10x1.45x1.15x.1=1.667m^3$<br>$3.85x1.25x.1=0.481m^3$<br>$2.75x1.25x.1=0.343m^3$ | $10x1.45x1.15x.075=1.25m^3$<br>$3.85x1.25x.075=0.361m^3$<br>$2.75x1.25x.075=0.258m^3$ | $4668.29m^3$ | 16666 | 12506 | 4160 | 2,30 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| exclusidng the cost of centering and shuttering – All woork up to plinth level 1:4:8 (1 cement : 4 coarse sand : 8 graded stone aggregate 40 nominal size) | 3x3.6x.1=1.08$m^3$<br><br>ആകെ 3.57$m^3$ | 3x3.6x.075=0.81$m^3$<br><br>ആകെ 2.679$m^3$ | | | | | | |

4) **എസ്.എൻ.ഡി.പി. എൽ.പി&യു.പി. സ്കൂളിൽ ലേഡീസ് ഫ്രണ്ട് ലി ടോയ് ലറ്റ് നിർമ്മാണം**

| | |
|---|---|
| പ്രോജക്ട് നം. | 156/18 |
| അടങ്കൽ തുക | 8,00,000/- വികസനഫണ്ട് (ജനറൽ) |
| ചെലവ് തുക | 7,35,635/- |
| ബിൽ നം., തീയതി | **308/28.03.2018** |
| എം ബുക്ക് നം | 390/17-18 |
| കരാറുകാരൻ | ജോണി.ഡി. |
| കോസ്റ്റ് ഇൻഡക്സ് | 50.98% ഡി.എസ്.ആർ 2016 ഇടെണ്ടർ |

| ഇനം | ചെയ്ത അളവ് | അനുവദനീയമായ അളവ് | നിരക്ക് | അനുവദിച്ച തുക | അനുവദനീയമായ തുക | അധിക ചെലവ് | എം ബുക്ക് പേജ് നം |
|---|---|---|---|---|---|---|---|
| ഇനം 2 – 4.1.8 providing and laying in position cement concrete of specified grade exclusidng the cost of centering and shuttering – All woork up to plinth level 1:4:8 (1 cement : 4 coarse sand : 8 graded stone aggregate 40 nominal size) | 6.47x4.3x0.1 = 2.78$m^3$ | 6.47x4.3x0.075 = 2.09$m^3$ | 5780.75$m^3$ | 16070 | 12082 | 3988 | 14,52 |

മേൽ അപാകതകൾക്കു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 35 തീയതി 27.02.2019) മറുപടി ലഭ്യമാക്കിയില്ല. അധിക ചെലവായ തുക 28,534/- രൂപ നിരാകരിക്കുന്നു.

## 3-11 ടാർ വാങ്ങൽ പെട്രോളിയം കമ്പനികൾക്ക് 49226/- രൂപ അധികം

അനുവദിച്ചു.

ടാർ വാങ്ങുന്നതിനായി 2017 മാർച്ച് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലായി ഗ്രാമപഞ്ചായത്ത് 7,54,048/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ 7,04,822/-രൂപയുടെ ബിറ്റുമിൻ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്.

**ബിറ്റുമിൻ വാങ്ങുന്നതിനായി ചെലവു ചെയ്ത തുക സംബന്ധിച്ച വിവരം.**

| ക്രമ നം. | ചെക്ക് നം., തീയതി | തുക |
|---|---|---|
| 1 | 0792028/27.03.2017 | 544214 |
| 2 | 0792028/27.03.2017 | 74028 |
| 3 | 0792029/27.03.2017 | 108398 |
| 4 | 4108908/13.10.2017 | 3615 |
| 5 | 4108908/13.10.2017 | 8722 |
| 6 | 4108908/13.10.2017 | 15071 |
| ആകെ | | 754048 |

**ലഭ്യമായ ബിറ്റുമിൻ സംബന്ധിച്ച വിവരം.**

| ക്രമ നം | സ്റ്റോക്കിലെടുത്ത തീയതി | ഇൻവോയ്സ് നം., തീയതി | ബിറ്റുമിൻ | അളവ് (ബാരൽ) | തുക |
|---|---|---|---|---|---|
| 1 | 06.05.2017 | 6300012478, 05.05.2017 | RS1 | 5 | 32554 |
| 2 | 06.05.2017 | 6300012477, 05.05.2017 | VG30 | 54 | 274030 |
| 3 | 12.05.2017 | 6300014755, 11.05.2017 | RS1 | 5 | 32554 |
| 4 | 12.05.2017 | 6300014754 | VG30 | 48 | 243582 |
| 5 | 15.05.2017 | 5599, 13.05.2017 | SS1 | 8 | 94879 |
| 6 | രേഖപ്പെടുത്തിയിട്ടില്ല | 7240 | SS1 | 1 | 12329 |
| 7 | രേഖപ്പെടുത്തിയിട്ടില്ല | 4550039722 | VG30 | 3 | 14894 |
| | ആകെ | | | | 704822 |

49,226/- രൂപ (754048-704822) ടാർ കമ്പനികൾക്ക് അധികമായി അനുവദിച്ചതായി വിലയിരുത്തുന്നു. പ്രസ്തുത തുക പെട്രോളിയം കമ്പനികളിൽ നിന്നും ഈടാക്കി തനതു ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. 49,226/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-12 അധിക കനത്തിൽ ഓടയുടെ അടിഭാഗം കോൺക്രീറ്റിംഗ് ചെയ്തതിനാൽ അധിക ചെലവ് ഉണ്ടായി.

കിണറുവിള ഓട നീട്ടലും മെയിന്റനൻസും (പ്രോ. നം. 239/18) പദ്ധതി പ്രകാരം 6,20,662/- രൂപ ചെലവ് ചെയ്തിട്ടുണ്ട് (ബിൽ നം. 297/28.03.2018).

പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം (നിലവിലുണ്ടായിരുന്ന തകർന്നുപോയ ഓട 59m നീളത്തിൽ പുനർനിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. 24.10.2017ലെ ഭരണസമിതി 2(38) തീരുമാനത്തിലൂടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുമതി നൽകി. പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ തകർന്നു കിടന്ന ഓടയുടെ ആഴം 2.2 എം. ആണെന്നു അറിഞ്ഞപ്പോൾ അതേ ആഴത്തിൽ നീളം കുറച്ച് (33 എം. നീളം x 2.2 എം. ആഴം ) പ്രവൃത്തി നിർവഹിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. പുനർ നിർമ്മിക്കപ്പെട്ട ഓടയുടെ അടിഭാഗം നിർമ്മിക്കുന്നതിന് ചുവടെ ചേർക്കുന്ന ഇനങ്ങളും അളവുകളും ഉപയോഗിച്ചിട്ടുണ്ട്.

ഇനം 2 (od 11.4.1.1) 1:3:6 concreting = 33x1.1x.1 = 3.63$m^3$ @ 6852.55

ഇനം 3 (11.4.4) concreting M20 = 33x1.1x.25 = 9.08 $m^3$ @ 8013.17

ഇനം E2 wearing coat drain bed 1:2:4 = 33x.5x.05 = 0.83$m^3$ @ 8284.07

ഓടയുടെ അടിഭാഗം നിർമ്മിക്കുന്നതിന് 40 cm കനത്തിൽ കോൺക്രീറ്റിംഗ് വേണ്ടി വന്നതിന്റെ ആവശ്യകത വ്യക്തമാക്കുവാനറിയിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 21/25.02.2019), ഓട ബീച്ചിലെ മണലിന്റെ പുറത്താണ് നിർമ്മിച്ചിട്ടുള്ളത് എന്നും, കൂടാതെ ഓടയുടെ ഉയരം 2.2m ആയതിനാലാണ് അടിയിൽ റബിൾ പാക്കിംഗും 25cm കനമുള്ള ആർ.സി.സി. കോൺക്രീറ്റിംഗും നൽകിയത് എന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. അധിക കനത്തിൽ കോൺക്രീറ്റിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകതയോ, സൈറ്റ് കണ്ടിഷനോ എസ്റ്റിമേറ്റ് റിപ്പോർട്ടിലും, റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിലും പ്രസ്താവിച്ചിട്ടില്ല. ആ സാഹചര്യത്തിൽ 40 സി.എം. കനത്തിൽ കോൺക്രീറ്റ് ചെയ്തത് അധിക ചെലവായി ഓഡിറ്റ് കാണുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-13 കോൺക്രീറ്റിംഗ് ചെയ്യുന്നതിന് അധിക നിരക്ക് അനുവദിച്ചു. നഷ്ടം 69189/- രൂപ

എ) <u>നടപ്പാത/റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ</u>

വിവിധ നടപ്പാത/റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 11.4.3.1 സ്പെസിഫിക്കേഷനിലെ പ്രവൃത്തികൾക്ക് (1:2:4 കോൺക്രീറ്റിംഗ്) അധിക നിരക്ക് അനുവദിച്ചിരിക്കുന്നു. വിശദവിവരം ചുവടെ.

***(Mord 11.4.3.1) കരാറുകാരൻ***

**അംഗീകൃത നിരക്ക്.**

| item | Unit | Quantity | Rate Rs | Cost Rs |
|---|---|---|---|---|
| cement | tonne | .33 | 5792.24 | 1911.44 |
| Coarse sand | Cum | 0.45 | 1303.77 | 586.70 |
| 40 mm aggregate | Cum | 0.36 | 1362.79 | 490.60 |
| 20 mm aggregate | Cum | 0.36 | 1403.77 | 505.36 |
| 10 mm aggregate | Cum | 0.18 | 1403.77 | 252.68 |
| Labour | | | | |
| Mate | Day | 0.08 | 407 | 32.56 |
| Mason (Ist class) | Day | 0.1 | 487 | 48.7 |
| Mazdoor (unskilled) | Day | 1.63 | 368 | 599.84 |
| Bhisti | Day | 0.27 | 407 | 109.89 |
| Machinery | | | | |
| Concrete mixer 0.28/0.4 cum ....… And form work @4% on cost of material | hour | 0.4 | 100 | 40 |
| Cost of 1.0 cum | | | | 4577.77 |
| Add Overhead @ 10% | | | | 457.78 |
| Add CP | | | | 503.56 |
| Total | | | | 5539.11 |
| Cost Index @50.98% (1.4.2017 മുതൽ) | | | | 2823.84 |
| Total for 1Cum | | | | 8362.95 |

അനുവദിച്ച നിരക്ക് *8697.45/-* രൂപ

***(Mord 11.4.3.1)* ഗുണഭോക്തൃസമിതി**

**അംഗീകൃത നിരക്ക്**

| item | Unit | Quantity | Rate Rs | Cost Rs |
|---|---|---|---|---|
| cement | tonne | 0.33 | 5792.24 | 1911.44 |
| Coarse sand | Cum | 0.45 | 1303.77 | 586.70 |
| 40 mm aggregate | Cum | 0.36 | 1362.79 | 490.60 |

| | | | | |
|---|---|---|---|---|
| 20 mm aggregate | Cum | 0.36 | 1403.77 | 505.36 |
| 10 mm aggregate | Cum | 0.18 | 1403.77 | 252.68 |
| Labour | | | | |
| Mate | Day | 0.08 | 407 | 32.56 |
| Mason(Ist class) | Day | 0.1 | 487 | 48.7 |
| Mazdoor (unskilled) | Day | 1.63 | 368 | 599.84 |
| Bhisti | Day | 0.27 | 407 | 109.89 |
| Machinery | | | | |
| Concrete mixer 0.28/0.4 cum ........And form work @4% on cost of material | hour | 0.4 | 100 | 40 |
| Cost of 1.0 cum | | | | 4577.77 |
| Add Overhead @ 7.5% | | | | 343.33 |
| Add CP | | | | - |
| Total | | | | 4921.10 |
| Cost Index @44.12% (1.10.2017 മുതൽ) | | | | 2171.19 |
| Total for 1Cum | | | | 7092.29 |

(അനുവദിച്ച നിരക്ക് 7375.98രൂപ)

മേൽ പ്രകാരമുള്ള നിരക്കിലും അധികമായി തുക അനുവദിച്ചതിലൂടെ തദ്ദേശ സ്ഥാപനത്തിന് 59,377/- രൂപയുടെ നഷ്ടമുണ്ടായി. (വിശദവിവരം അനുബന്ധം 3 ൽ). ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/21.02.2019) പ്രൈസ് സോഫ്റ്റ് വെയർ മുഖാന്തിരമുള്ള ബില്ലിൽ വന്ന പിശകായതിനാൽ പ്രസ്തുത വിവരം പ്രൈസ് അഡ്മിനെ അറിയിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കി. അധികമായി നൽകിയ തുക ബന്ധപ്പെട്ട കരാറുകാർ, കൺവീനർമാരിൽ നിന്നും ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

<u>ബി) ഓട നിർമ്മാണം / പുനരുദ്ധാരണം പ്രവൃത്തികൾ</u>

ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുള്ള ഓട നിർമ്മാണം,

പുനരുദ്ധാരണം പ്രവൃത്തികളിൽ ഓടയുടെ കവറിംഗ് സ്ലാബ് നിർമ്മാണത്തിനായി ഉപയോഗിച്ച 11.4.4. സ്പെസിഫിക്കേഷനിലെ ഇനത്തിന് അധിക നിരക്ക് അനുവദിച്ചു.

**അംഗീകൃത നിരക്ക്. *(Mord 11.4.4)***

| item | Unit | Quantity | Rate Rs | Cost Rs |
|---|---|---|---|---|
| cement | tonne | 0.35 | 5792.24 | 2027.28 |
| Coarse sand at site | Cum | 0.45 | 1303.77 | 586.70 |
| 20 mm aggregate | Cum | 0.54 | 1403.77 | 758.04 |
| 10 mm aggregate | Cum | 0.36 | 1403.77 | 505.36 |
| Labour | | | | |
| Mate | Day | 0.08 | 407 | 32.56 |
| Mason(Ist class) | Day | 0.12 | 487 | 58.44 |
| Mazdoor (unskilled) | Day | 1.73 | 368 | 636.64 |
| Bhisti | Day | 0.27 | 407 | 109.89 |
| Machinery | | | | |
| Concrete mixer 0.28/0.4 cum ........And form work @4% on cost of material | hour | 0.4 | 100 | 40 |
| Cost of 1.0 cum | | | | 4754.91 |
| Add Overhead @ 10% | | | | 475.49 |
| Add CP | | | | 523.04 |
| Total | | | | 5753.44 |
| Cost Index @50.98% | | | | 2933.10 |
| Total for 1Cum | | | | 8686.54 |

മേൽ പ്രകാരമുള്ള നിരക്കിലും അധികമായി തുക അനുവദിച്ചതിലൂടെ തദ്ദേശ സ്ഥാപനത്തിന് 9,812/- രൂപയുടെ നഷ്ടമുണ്ടായി. (വിശദവിവരം അനുബന്ധം 4 ൽ). ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/26.02.2019) മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുക ബന്ധപ്പെട്ട കരാറുകാർ, കൺവീനർമാരിൽ നിന്നും ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. സമാനമായ മറ്റു പ്രവൃത്തികളുടെ ഫയലുകളും പരിശോധിക്കേണ്ടതും, മേൽപ്രകാരം തുക അധികമായി അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതു

തിരികെ ഈടാക്കേണ്ടതുമാണ്.

## 3-14 112441/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | : സി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ |
| പദ്ധതിയുടെ നമ്പർ | : SO259/17-18 |
| അടങ്കൽ തുക | : 300000 (റോഡിതരം) |
| ചെലവ് തുക | : 300000 |
| ബിൽ നമ്പർ, തീയതി | : 4/17-18, 11.01.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ സി.എച്ച്.സി |

പഞ്ചായത്തിലെ ഏക സി.എച്ച്.സി ആയ പുല്ലുവിള സി.എച്ച്.സി യ്ക്ക് 2017-18 ൽ രോഗികൾക്ക് മരുന്ന് വിതരണത്തിനായി KMSCL -ന് 11.01.18 ലെ 4/17-18 നമ്പർ ബില്ല് പ്രകാരം 3,00,000/- രൂപ നൽകി. എന്നാൽ 02.02.19 വരെ 1,87,559/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 1,12,441/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാകാനുണ്ട്. ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ നിർവഹണ ഉദ്യോഗസ്ഥനും പഞ്ചായത്ത് ഭരണ സമിതിയും ശ്രദ്ധ നൽകേണ്ടതാണ്.

## 3-15 വനിതാ മത്സ്യ തൊഴിലാളികൾക്ക് ഐസ് ബോക്സ് വിതരണം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| പദ്ധതി നമ്പർ | : SO 114/18 |
| പദ്ധതി പേര് | : വനിതാ മത്സ്യതൊഴിലാളികൾക്ക് ഐസ് ബോക്സ് വിതരണം. |
| അടങ്കൽ തുക | : വികസന ഫണ്ട് 9,00,000/- |
| ചെലവ് തുക | : 891000 ബിൽ നം.3/17-18 23.03.18. |
| നിർവഹണ ഉദ്യോഗസ്ഥൻ | : സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

പഞ്ചായത്ത് രാജ് സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.എം.എസ് നമ്പർ 80/2017 ത.സ്വ.ഭവ. തീയതി 03.04.17, 8:4 മത്സ്യബന്ധനം (എ) സമുദ്ര മേഖല പ്രകാരം മത്സ്യ കച്ചവടത്തിനുള്ള ഐസ് ബോക്സ് എന്ന പദ്ധതിയുടെ ഗുണഭോക്താവ് മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള പൂരിത മത്സ്യതൊഴിലാളി വനിതയായിരിക്കണം.

പഞ്ചായത്ത് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 300 പേർക്കാണ് ഐസ് ബോക്സ് നൽകിയത്. മത്സ്യ ഫെഡിൽ നിന്നും ഒരു ഐസ് ബോക്സിന് ജി.എസ്.ടി ഉൾപ്പെടെ 2970/- രൂപ നിരക്കിൽ 300 എണ്ണം വാങ്ങി വിതരണം ചെയ്തു. പദ്ധതി

നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളും വിതരണ രജിസ്റ്ററും പരിശോധിച്ചതിൽ 44 ഗുണഭോക്താക്കൾ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലായെന്ന് കണ്ടെത്തി. ആയതിനെ സംബന്ധിച്ച് 26.02.19 ൽ 24/19 നമ്പറായി നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിലും ഐസ് ബോക്സ് ലഭിച്ച ഗുണഭോക്താക്കളിൽ 44 പേർ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ ആണെന്നുള്ള രേഖകൾ ഹാജരാക്കിയിട്ടില്ലായെന്നും വ്യക്തമാക്കി. ഒരു പ്രത്യേക വിഭാഗത്തിന്റെ ഉന്നമനത്തിനായി ആവിഷ്ക്കരിച്ച പദ്ധതിയുടെ ഗുണഭോക്താക്കൾ ആ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് ഉറപ്പ് വരുത്താതെ പദ്ധതിയുടെ ഗുണഭോക്താക്കളാക്കിയതിൽ നിർവഹണ ഉദ്യോഗസ്ഥന് വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും, മാനദണ്ഡങ്ങൾ പാലിച്ചു മാത്രം പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-16 സ്റ്റോർ പർചേസ് മാന്വലും പ്രൊക്വയർമെന്റ് കമ്മിറ്റി ചട്ടങ്ങളും പാലിക്കണം

| | |
|---|---|
| പദ്ധതി നം.212/18 | :ഗ്രാമപഞ്ചായത്ത് തല<br>:കോച്ചിംഗ് ക്യാമ്പും ഗെയിംസ് ടീം രൂപീകരണവും |
| അടങ്കൽ | :90,000/- (വികസന ഫണ്ട്) |
| ചെലവ് | :90,000/- |
| ബിൽ | :നം.01/12.03.2018 |
| നിർവ്വഹണം - | :അസിസ്റ്റന്റ് സെക്രട്ടറി |

2017-18 സാമ്പത്തികവർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി പ്രകാരം കരുംകുളം ഗ്രാമ പഞ്ചായത്തിലെ വിവിധ സ്പോർട്സ് ടീമുകൾക്കാവശ്യമായ ജേഴ്സി, ഷോർട്സ്, ഫുട്ബോൾ, വോളീബോൾ, ക്രിക്കറ്റ് ബാറ്റ് എന്നിവ വാങ്ങിയതിന്റ ചെലവായി 60,315/- രൂപയും ടീം രൂപീകരണവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 29,685/- രൂപയും 12.03.18 ലെ ബിൽ മുഖേന വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു. 2013 ലെ കേരള സ്റ്റോർ പർചേസ് മാന്വലിലെ ഖണ്ഡിക 7.4 അനുസരിച്ച്, 15000 - രൂപയ്ക് മുകളിൽ *1,00,000/-* രൂപ വരെയുള്ള പർചേസുകൾക്ക് മാന്വലിലെ അനക്സർ 11 പ്രകാരമുള്ള ഷോർട്ട് ക്വട്ടേഷൻ നോട്ടീസ് സർക്കാർ വെബ് സൈറ്റിലും പത്രങ്ങളിലും പരസ്യം ചെയ്യണം. ഖണ്ഡിക 7.33(3) അനുസരിച്ച്, ഒരേ തരത്തിൽപ്പെട്ട സാധനങ്ങൾ ഒരു സാമ്പത്തിക വർഷം വാങ്ങുന്നതിന് ആകെ എസ്റ്റിമേറ്റ് തയ്യാറാക്കി ഒറ്റ ടെണ്ടർ ക്ഷണിക്കണം. എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാതെ 60,315/- രൂപയുടെ സ്പോർട്സ് സാമഗ്രികൾ അസി.സെക്രട്ടറി വാങ്ങിയിരിക്കുന്നത് 15.02.18ലെ 8 വ്യത്യസ്ത ക്വട്ടേഷനുകളെ അടിസ്ഥാനമാക്കിയാണ്. സെക്രട്ടറിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ ക്വട്ടേഷനുകൾ സൂക്ഷ്മ പരിശോധന നടത്തിയ

ശേഷം ഉചിതമായ തീരുമാനമെടുത്ത് പ്രൊക്യയർമെന്റ് കമ്മിറ്റി മുൻപാകെ ശിപാർശ സമർപ്പിക്കേണ്ടതും പ്രസ്തുത കമ്മിറ്റിയുടെ അംഗീകാരത്തിന് ശേഷം മാത്രം പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം തേടേണ്ടതാണെങ്കിലും ഇവിടെ പ്രൊകചയർമെന്റ് കമ്മിറ്റി കൂടാതെയും കചട്ടേഷനുകൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുത്ത് ശുപാർശയില്ലതെയും തന്നെ 1.3.2018ലെ 2(3)-ാം നമ്പർ തീരുമാനപകാരം കേരള സ്പോർട്സിന് സപ്ലൈ ഓർഡർ നൽകാൻ ജനറൽ കമ്മിറ്റി തീരുമാനമെടുത്തു. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻകചയറി നം.20/19 ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് അംഗീകരിക്കാവുന്നതല്ല. പഞ്ചായത്ത് സാധനസാമഗ്രികൾ വാങ്ങുന്ന സന്ദർഭങ്ങളിൽ സ്റ്റോർ പർച്ചേസ് മാനചൽ, പ്രൊക്യയർമെന്റ് കമ്മിറ്റി ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 കേരളോൽസവം-സർക്കാർ നിർദ്ദേശം അധികരിച്ചുള്ള ചെലവിന് പഞ്ചായത്ത് കമ്മിറ്റി സാധൂകരണം നൽകി- തുക തിരിച്ചടവാക്കണം

അടങ്കൽ -100000/- (വികസന ഫണ്ട്)
ചെലവ് -63659/-
ബിൽ നം. 5/23.10.17
നിർവ്വഹണം-ഗവ.മുഹമ്മദൻസ് എൽ.പി.സ്കൂൾ ഹെഡ്മാസ്റ്റർ

2017-18 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കേരളോൽസവം പദ്ധതിക്ക് വികസനഫണ്ടിൽ നിന്നും 63,659/- രൂപ ചെലവഴിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന്റ 28.06.2017ലെ സ.ഉ.(സാധാ)നം.2160/2017 പ്രകാരം, കേരളോൽസവം 2017ന്റെ സംഘാടനത്തിനായി പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 55,000/- മാത്രമാണ്. അധിക ചെലവ് സംബന്ധിച്ച ഓഡിറ്റ് എൻകചയറി 19/19ന് മറുപടിയായി നിർദ്ദിഷ്ട പദ്ധതിയിൽ കേരളോൽസവം സംഘടിപ്പിക്കുന്നതിനായി വകയിരുത്തിയ 1,00,000/- രൂപയ്ക്ക് ഡി.പി.സി അംഗീകാരം ലഭിച്ചതിനാലാണ് 63,659/- ചെലവഴിച്ചതെന്ന് 26.02.19ൽ നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. കൂടുതൽ തുക ചെലവഴിച്ച നടപടി 26.09.2017 ലെ പഞ്ചായത്ത് കമ്മിറ്റി 1(10)-ാം നംപർ തീരുമാനപ്രകാരം ക്രമവൽക്കരിച്ചു നൽകിയിട്ടുണ്ടെന്നും അറിയിച്ചു. സർക്കാർ ഉത്തരവ് മറികടന്നുള്ള കമ്മിറ്റി തീരുമാനം നിലനിൽക്കുന്നതല്ലാത്തതിനാൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പദ്ധതി പ്രവർത്തനം ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതി മോണിട്ടർ ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശം മറികടന്ന് ചെലവഴിച്ച 8659/-രൂപ വികസന ഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി മാത്രം പദ്ധതിപ്പണം ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കി

മാത്രം പദ്ധതിപ്പണം ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കി അലോട്ട്മെന്റ് നൽകാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതുമാണ്.

## 3-18 സാക്ഷരതാ പ്രവർത്തനത്തിനുള്ള ഫണ്ടുപയോഗിച്ച് ഫർണിച്ചർ വാങ്ങി

| | | |
|---|---|---|
| പ്രോജക്ട് | : | നം. 10/18 |
| പേര് | : | സാക്ഷരതാപ്രവർത്തനങ്ങൾ |
| അടങ്കൽ | : | 100000/-(വികസന ഫണ്ട്) |
| നിർവ്വഹണം | : | പുല്ലുവിള ഗവ.മുഹമ്മദൻസ് എൽ.പി.എസ് ഹെഡ്മാസ്റ്റർ |
| ചെലവ് | : | ബിൽ നം.7/25.01.18- 28000/-, ബിൽ നം.12/28.03.18 40000/- |

മെച്ചപ്പെട്ട തുടർ വിദ്യാഭ്യാസം ലക്ഷ്യമിട്ട്, പത്താം തരം തുല്യതാപരീക്ഷയെഴുതുന്ന പഠിതാക്കൾക്ക് തുല്യതാ രജിസ്ട്രേഷൻ, പരീക്ഷാ ഫീസ് എന്നിവ ഒടുക്കുന്നതിനും പാഠപുസ്തകങ്ങൾ വാങ്ങിനൽകുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഗുണഭോക്താക്കളുടെ എണ്ണം പദ്ധതിയിൽ നിജപ്പെടുത്തിയിട്ടില്ല. 16 പഠിതാക്കൾക്ക് ഫീസ്, പത്താം തരം തുല്യതാരജിസ്ട്രേഷൻ എന്നിവയ്ക്കായി ആളൊന്നിന് 1,750/- ക്രമത്തിൽ ആകെ 28,000/- രൂപ 25.01.18ലെ ബിൽ നം.7 പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് സാക്ഷരതാ മിഷന് കൈമാറി. പഠിതാക്കൾ രജിസ്ട്രേഷൻ നടത്തിയതിന്റയോ, കോഴ്സിൽ പങ്കെടുത്ത് പരീക്ഷയെഴുതിയതിന്റ വിശദാംശങ്ങളോ, പദ്ധതി മോണിട്ടറിംഗ് റിപ്പോർട്ടോ, ഹാജരാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണവകുപ്പിന്റ 06.10.2009 ലെ ഉത്തരവ് നം.48360/എഫ്.എം.1/2009 പ്രകാരം, കോഴ്സ് ഫീസായി 1,200/-ഉം പരീക്ഷാ ഫീസായി 500/-ഉം മാത്രമേ ഒരാൾക്ക് ചെലവഴിക്കാവു എന്നിരിക്കെ ആളൊന്നിന് 1,750/- കണക്കാക്കിയാണ് ഹെഡ്മാസ്റ്റർ ചെലവഴിച്ചത്.

പഠിതാക്കൾക്ക് പുസ്തകം വാങ്ങി നൽകിയില്ലെങ്കിലും ബിൽ നം.12 പ്രകാരം വികസനഫണ്ടിൽ നിന്നും പിൻവലിച്ച 40,000/- രൂപ വിനിയോഗിച്ച് കരുംകുളം സി.ഇ.സി പ്രേരകിന്റ സാക്ഷരതാ കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങി നൽകി. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09.03.18 ലെ 1(7)-ാം നംപർ തീരുമാനപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയതിൻപ്രകാരമാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ടെങ്കിലും പ്രോജക്ടിൽ വിഭാവനം ചെയ്യാത്ത പ്രവൃത്തിയായതിനാൽ ഫർണിച്ചർ വാങ്ങൽ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ലഭിച്ച ക്വട്ടേഷനുകൾ പ്രൊക്വുർമെന്റ് കമ്മിറ്റി

പരിശോധിച്ച് അംഗീകാരത്തിന് ശിപാർശ ചെയ്യാതെയാണ് പഞ്ചായത്ത് കമ്മിറ്റി ഫർണിച്ചർ വാങ്ങൽ നടപടിക്ക് തീരുമാനമെടുത്തത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ ചൂണ്ടിക്കാട്ടിയ മറ്റ് വിഷയങ്ങൾക്ക് സാക്ഷരതാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകിയിട്ടില്ലാത്തതിനാലും പ്രോജക്ട് ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ചും പ്രോക്യയർമെന്റ് കമ്മിറ്റി ചട്ടങ്ങൾ പാലിക്കാതെയും ഫർണിച്ചർ വാങ്ങിയതിനാലും പദ്ധതി ചെലവായ 68,000/-രൂപ തടസ്സത്തിൽ വയ്കുന്നു. സാക്ഷരതാ പഠിതാക്കളുടെ രജിസ്ട്രേഷൻ, കോഴ്സ് , പരീക്ഷയെഴുതിയതിന്റെ വിശദാംശങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്. പ്രോജക്ടിൽ നിഷ്കർഷിച്ച ആവശ്യങ്ങൾക്ക്/പ്രവർത്തനങ്ങൾക്ക് മാത്രം ഫണ്ട് വിനിയോഗിക്കാൻ വരും വർഷങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതുമാണ്. പ്രോജക്ട് വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ഉപരിയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ നിർവഹണ ഉദ്യോഗസ്ഥരെ പ്രേരിപ്പിക്കുന്ന വിധത്തിലുള്ള ഭരണസമിതി തീരുമാനങ്ങൾ ഉണ്ടാകാതിരിക്കാൻ ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-19 തുറസായ കിണർ ശുചിത്വകിണർ ആക്കി മാറ്റൽ - ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | :എസ്.ഒ. 0207/18 (തുറസായ കിണർ ശുചിത്വകിണർ ആക്കി മാറ്റൽ) |
| അടങ്കൽ | :3,60,000/- രൂപ (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | :1,20,000/- രൂപ |
| നിർവഹണം | :വി.ഇ.ഒ. |

വിവിധ ഗ്രാമസഭാ ഗുണഭോക്തൃ ലിസ്റ്റുകളിലെ 43വ്യക്തികളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ലിസ്റ്റ് 18.08.2017 നും [തീരുമാനം നം.2(18)] തുടർന്ന്, 32 പേരടങ്ങുന്ന അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് 1.3.2018നും ഭരണ സമിതി അംഗീകരിച്ചു. [തീരുമാനം നം.2(6)] ഗ്രാമസഭകളിൽ നിന്ന് തിരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റാണെന്ന് ടി തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ലിസ്റ്റിലുൾപ്പെട്ട 1-ാം വാർഡിലെ വ്യക്തികൾ ഗ്രാമസഭകളിൽ നിന്ന് തിരഞ്ഞെടുത്തവരായിരുന്നില്ല എന്ന് 1-ാം വാർഡിലെ ഗ്രാമസഭാ മിനുട്സ് പരിശോധനയിൽ നിന്നും വ്യക്തമായി. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചല്ല നടന്നിരിക്കുന്നത്.

## 3-20 പാലിയേറ്റീവ് കെയർ പ്രവർത്തനം സർക്കാർ മാർഗ്ഗ രേഖക്കനുസൃതമാക്കണം.

സമൂഹത്തിലെ ക്യാൻസർ രോഗികൾ, കിടപ്പു രോഗികൾ, പ്രമേഹരോഗികൾ, വൃക്ക രോഗികൾ തുടങ്ങി ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമുള്ള രോഗികൾക്ക് സാന്ത്വനം നൽകുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും വേണ്ടി രൂപീകരിച്ച പ്രത്യേക പരിപാടിയാണ് പാലിയേറ്റീവ് കെയർ. രോഗികളെയും കുടുംബത്തെയും സന്നദ്ധ പ്രവർത്തകരെയും ബന്ധപ്പെടുത്തിക്കൊണ്ട് രോഗിയുടെ വീട്ടിൽവച്ച് മെച്ചപ്പെട്ട സാന്ത്വനവും പരിചരണവും ലഭ്യമാക്കാൻ സാധ്യമാകുന്ന ഒരു ഗൃഹ കേന്ദ്രീകൃത പരിചരണ സംവിധാനം ഓരോ പ്രദേശത്തും രൂപപ്പെടുത്തേണ്ടതുണ്ട്. അത്തരം ഹോംകെയർ സംവിധാനം ഗ്രാമപഞ്ചായത്തിലും പ്രവർത്തിച്ചു വരുന്നു. എന്നാൽ പ്രവർത്തനവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ സർക്കാരിന്റെ പാലിയേറ്റീവ് പരിചരണ മാർഗരേഖ ജി.ഒ(ആർറ്റി)3217/2015/തസ്വഭവ. തീയതി 29.10.2015) പാലിച്ചിട്ടില്ലെന്ന് കാണുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തനത്തിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ താഴെ വിവരിക്കുന്നു.

**1.** ഹോം കെയർ ടീം ഭവന സന്ദർശനത്തിനായി ഉപയോഗിക്കുന്ന വാഹനം ക്വട്ടേഷൻ മുഖാന്തിരം തിരഞ്ഞെടുത്തിട്ടില്ല.

**2.** ഹോം കെയർ സന്ദർശന രജിസ്റ്ററിൽ രോഗി സന്ദർശനം രേഖപ്പെടുത്താതെ 45- അധികം ദിവസങ്ങളിൽ വാഹനം ഹോം കെയറിനായി ഓടിയതായി ട്രിപ്പ് ഷീറ്റ് രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു. ആ ദിവസങ്ങളിൽ ഹോം കെയർ ടീം ഭക്ഷണത്തിനായി തുക ചെലവഴിച്ചു.

**3.** ഹോം കെയർ സന്ദർശന രജിസ്റ്ററിൽ പല പേജുകളും രേഖപ്പെടുത്തലുകൾ ഇല്ലാതെ ശൂന്യമായും അപൂർണ്ണമായും കാണുന്നു.

**4.** ഹോം കെയർ സന്ദർശന രജിസ്റ്ററിൽ മെഡിക്കൽ ഓഫീസർ, പാലിയേറ്റീവ് കെയർ നേഴ്സ് തുടങ്ങിയവർ ഒരിടത്തും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

**5.** പാലിയേറ്റീവ് കെയർ ലഭ്യമാകുന്ന രോഗികളുടെ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**6.** പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ ടീം ഒരു മാസം 16 ദിവസമെങ്കിലും രോഗീ സന്ദർശനം നടത്തേണ്ടതാണ്. എന്നാൽ അത്തരം ഒരു സേവനം ഹോം കെയർ ടീമിൽ നിന്നും രോഗികൾക്ക് ലഭ്യമായിട്ടില്ലായെന്ന് വ്യക്തമാകുന്നു.

പാർശ്വവൽക്കരിക്കപ്പെട്ട ദരിദ്ര രോഗികൾക്കും മറ്റ് സഹായം ലഭ്യമാകാത്ത വൃദ്ധർക്കും കൃത്യമായ മരുന്നും മറ്റും ലഭ്യമാക്കുന്നതിനായി രൂപീകരിച്ച പാലിയേറ്റീവ് കെയർ പദ്ധതി പൂർണ്ണ തോതിലും വിജയപ്രദമായും പ്രവർത്തനം നടത്തുന്നതിനായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, ഭരണ സമിതിയും നിർവഹണ ഉദ്യോഗസ്ഥനും അടിയന്തര ശ്രദ്ധ നൽകേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-21 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ വിതരണം നടത്തണം.

| | |
|---|---|
| പ്രോജക്ട് നം. | :SOO18/17-18 |
| പദ്ധതിയുടെ പേര് | :മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ നൽകൽ |
| അടങ്കൽ തുക | :വികസന ഫണ്ട് - 8,00,000/- |
| ചെലവ് തുക | :7,30,000/- |
| ബിൽ നമ്പർ | :1/17-18, തീയതി 17.03.2018 - 7,30,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

മത്സ്യബന്ധനമോ, മത്സ്യവിപണനമോ ഉപജീവനമാക്കിയവരുടെ മക്കൾക്ക് പഠനസഹായത്തിനായി ഫർണീച്ചർ വിതരണം ചെയ്യാനാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയത്. ഇ-ടെണ്ടർ പ്രകാരം വിഷ്ണു സ്റ്റീൽ & വുഡ് ഇൻഡസ്ട്രീസിൽ നിന്നും 2,330/-രൂപ വീതം വിലയുള്ള 200 മേശകളും 1,320/- രൂപ വീതം വിലയുള്ള 200 കസേരകളും വാങ്ങിയതിൽ 194 പേർക്ക് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് . ബാക്കിയുള്ള 6 മേശയും 6 കസേരയും മത്സ്യഭവന്റെ പള്ളം ആഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുവാൻ ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥനും നടപടി സ്വീകരിക്കേണ്ടതും വിതരണം ചെയ്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-22 ചെലവ് രേഖകൾ ഹാജരാക്കിയില്ല – 90000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | :SO117/17-18 |
| പദ്ധതിയുടെ പേര് | :സാംക്രമിക രോഗ നിയന്ത്രണവും ദേശീയ ആരോഗ്യ പരിപാടിയും. |

| | |
|---|---|
| അടങ്കൽ തുക | :90000 തനത് ഫണ്ട് |
| ചെലവ് തുക | :90000 |
| ചെക്ക് നമ്പർ | :8106814 തീയതി:22.03.18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :മെഡിക്കൽ ഓഫീസർ പി.എച്ച്.സി |

പഞ്ചായത്തിലെ കിണറുകളിൽ ബ്ലീച്ചിംഗ് പൗഡർ നിക്ഷേപിച്ച് ശുചിയാക്കാനും അതു വഴി പകർച്ച വ്യാധി രോഗങ്ങൾ നിയന്ത്രിക്കാനുമാണ് പദ്ധതി ആവിഷ്ക്കരിച്ചത്. പദ്ധതി നടത്തിപ്പിനായി 9 വാർഡുകളെ തിരഞ്ഞെടുത്ത് J.H.I മാരുടെ മേൽ നോട്ടത്തിൽ പദ്ധതി പൂർത്തിയാക്കാൻ ചുമതല നൽകി. എന്നാൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 32/19 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ പദ്ധതിയ്ക്കായി ചെലവാക്കിയ 90,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-23 വനിതകൾക്ക് യോഗാ പരിശീലനം: മാർഗ്ഗരേഖ ലംഘിക്കുകയും അമിത നിരക്കിൽ ഹോണറേറിയം നൽകുകയും ചെയ്തു- 62,400/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ | : SO119/17-18 |
| പദ്ധതിയുടെ പേര് | :വനിതകൾക്ക് യോഗാ പരിശീലനം |
| അടങ്കൽ തുക | :വികസന ഫണ്ട് - പൊതു വിഹിതം 1,00,000/- |
| ചെലവ് തുക | : 100000/- |
| ബിൽ നമ്പർ | : 6/18 തീയതി 20.01.18 തുക -40,000/- |
| | 8/18 തീയതി 20.03.18 തുക - 60,000/- |
| ആകെ | 1,00,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | :മെഡിക്കൽ ഓഫീസർ |

പഞ്ചായത്ത് പരിധിയിലെ വനിതകൾക്ക് യോഗാ പരിശീലനം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. യോഗ പരിശീലകനെ തെരഞ്ഞെടുക്കുന്നതിന് പരസ്യം നൽകിയില്ല. മതിയായ യോഗ്യതയില്ലാത്ത ആളെയാണ് ഗ്രാമപഞ്ചായത്ത് പരിശീലകനായി തെരഞ്ഞെടുത്തത്. ആഴ്ചയിൽ ഒരു യോഗാ ക്ലാസ് എന്ന നിബന്ധനയിൽ 2017 ഡിസംബർ

മുതൽ 2018 ഏപ്രിൽ വരെ പരിശീലനം നൽകാമെന്നാണ് പരിശീലകനുമായുണ്ടാക്കിയ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പരിശീലകനും പരിശീലനത്തിൽ പങ്കെടുത്തവരും ഒപ്പ് രേഖപ്പെടുത്തിയ ഹാജർ പുസ്തകം പരിശോധിച്ചതിൽ താഴെ വിവരിക്കുന്ന 19 ദിവസങ്ങളിൽ പരിശീലനം നടന്നതായി വ്യക്തമാകുന്നു.

| തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|
| 16.01.18 | 13 പേർ |
| 19.01.18 | 2 പേർ |
| 23.01.18 | 6 പേർ |
| 25.01.18 | 15പേർ |
| 30.01.18 | 1 |
| 02.02.18 | 15 പേർ |
| 06.02.18 | 15 പേർ |
| 09.02.18 | 15 പേർ |
| 14.02.18 | 15 പേർ |
| 16.02.18 | 19 പേർ |
| 02.01.18 | 20 പേർ |
| 05.01.18 | 20 പേർ |
| 09.01.18 | 21 പേർ |
| 12.01.18 | 20 പേർ |
| 22.02.18 | 21 പേർ |
| 26.02.18 | 21 പേർ |
| 01.03.18 | 21 പേർ |
| 05.03.18 | 20പേർ |
| 08.03.18 | 19 പേർ |

24.02.13, 06.03.18, 13.03.18,20.03.18, 27.03.18, 24.04.18, 04.05.18 എന്നീ 7 ദിവസങ്ങളിൽ യോഗപരിശീലനം നടത്തിയതായി തെളിയിക്കുന്നതിന് ഹാജരാക്കിയ പേരുകൾ രേഖപ്പെടുത്തിയ വെള്ള പേപ്പറിൽ പരിശീലനത്തിൽ പങ്കെടുത്തവരും, പരിശീലകനും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 7 ദിവസം പരിശീലനം നൽകിയതായി ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

G.O (Rt) 3190/17 തീയതി 03.10.17 പ്രകാരം യോഗ പരിശീലകർക്ക് പ്രതിദിനം 400/- രൂപയോ, പ്രതിമാസം പരമാവധി 12000/- രൂപയോ നൽകാം. എന്നാൽ കരാർ വ്യവസ്ഥയിൽ ആഴ്ചയിൽ ഒരു ദിവസം എന്ന കണക്കിൽ പരിശീലനം നൽകാമെന്ന് സമ്മതിച്ചതിനാൽ നിയമാനുസൃതമായ ഹാജർ പുസ്തകത്തിലെ 19 ദിവസത്തിന് (19 x 400) ഒരു ദിവസം 400/- രൂപ നിരക്കിൽ 7600/- രൂപയേ അനുവദിക്കാവൂ. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ 70000/- രൂപ നൽകി. ഇതു സംബന്ധിച്ചു നൽകിയ 13/19 നമ്പർ അന്വേഷണക്കുറിപ്പിന്

പ്രോജക്ട് നിർവ്വഹണം മെഡിക്കൽ ഓഫീസർ ജെ.എച്ച്.ഐ. യെയാണ് ചുമതപ്പെടുത്തിയത് എന്നും പരിശീലകന്റെ നിയമനം, യോഗ്യത സംബന്ധിച്ച വിവരങ്ങൾ ഓഫീസിൽ ലഭ്യമല്ലായെന്നും മറുപടി നൽകി. 18 വാർഡിലും പരിശീലനം നടത്തുമെന്ന് ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കൂടി നിർദ്ദേശ പ്രകാരം ആണ് 70000/- രൂപയും മാറി നൽകിയത് എന്നും മറുപടി നൽകുകയുണ്ടായി. പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പരിശീലനം നടത്തുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ ബിൽ മാറി തുക അനുവദിച്ചുവെന്നത് ക്രമവിരുദ്ധമാണ്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം നൽകിയ 62,400/- (70000-7600) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. പ്രസ്തുത തുക തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | സമഗ്ര ക്ഷീര വർദ്ധിനി പാലിനു സബ്സിഡി | 91,502 | 8498 |
| | 2017-18 | 1,59,000 | മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,56,000 | 3,000 |
| | 2017-18 | 20,400 | ജൈവസമൃദ്ധി | 20,400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,50,000 | സമഗ്ര ക്ഷീര വർദ്ധിനി പാലിനു സബ്സിഡി | 1,50,000 | 0 |
| | 2017-18 | 1,59,000 | മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,56,000 | 3,000 |
| | 2017-18 | 20,400 | ജൈവസമൃദ്ധി | 20,400 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2017-18 വർഷം നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് മീറ്ററിങ്ങ് | 4,27,580 | - | 4,27,580 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിങ്ങ്,ലൈൻ എക്സ്റ്റെൻഷൻ | 5,16,368 | - | 5,16,368 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.275/2010 ത.സ്വ.ഭ.വ തീയതി 27.10.2010 | 16909500 | 15,56,730/- | 15,56,730/- | | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :84373940.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :93953819.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 222553.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 158000.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.8(ബി) | | 4545 | ശ്രീ. അരുൺ ജെ.പ്രതാപ്, അസി. എഞ്ചിനീയർ |
| 3.10 | | 6047 | ശ്രീമതി കല്യാണിക്കുട്ടി, അസി. എഞ്ചിനീയർ |
| | | 22487 | ശ്രീ. അരുൺ ജെ.പ്രതാപ്, അസി. എഞ്ചിനീയർ |
| 3.11 | | 49226 | ശ്രീമതി മേരി ഇനിഗോ, സെക്രട്ടറി |
| 3.13(എ) | | 59377 | ശ്രീ. അരുൺ ജെ.പ്രതാപ്, അസി. എഞ്ചിനീയർ |
| 3.13(ബി) | | 9812 | ശ്രീ. അരുൺ ജെ.പ്രതാപ്, അസി. എഞ്ചിനീയർ |
| 3.17 | | 8659 | ശ്രീമതി കലാകുമാരി, എച്ച് .എം. |
| 3.23 | | 62400 | ഡോ. നെബു ജോൺ, മെഡിക്കൽ ഓഫീസർ |
| ആകെ | | 222553/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.18 | 68000 | ശ്രീമതി കലാകുമാരി, എച്ച് .എം. |
| 3.22 | 90000 | ഡോ. നെബു ജോൺ, മെഡിക്കൽ ഓഫീസർ PHC |
| ആകെ | 158000/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അരുൺ ജെ.പ്രതാപ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കരുംകുളം ഗ്രാമപഞ്ചായത്ത് | പ്രതാപ് ഹൗസ്, കാച്ചാണി, നെട്ടയം (പി.ഓ.) |
| ശ്രീമതി കലാകുമാരി, ഹെഡ് മിസ്ട്രസ്സ് | ഗവ. എൽ.പി.എസ്. പള്ളം. | കഹാനി , വി.ആർ. എ – 109 Near ഗവ. എച്ച്. എസ്. ആറ്റിങ്ങൽ |
| ഡോ. നെബു ജോൺ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി. കരുകുളം. | വി.ടി. II[nd] /571 പെരുകാവ് (പി.ഓ.) തിരുമല |
| ശ്രീമതി കല്യാണിക്കുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ , കോട്ടുകാൽ പഞ്ചായത്ത് | സാഫല്യം, റ്റി.സി. 76/1399(1) കക്കംപള്ളി റോഡ്, ആനയറ |
| ശ്രീമതി മേരി ഇനിഗോ , സെക്രട്ടറി | സെക്രട്ടറി, കരുംകുളം ഗ്രാമപഞ്ചായത്ത് | ആൻസ് നിവാസ്, ആർ.സി. സ്ട്രീറ്റ്, ബാലരാമപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1413/2018 തീയതി.25.06.2018 | 3 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1413/2018 തീയതി.25.06.2018 | 2 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1413/2018 തീയതി.25.06.2018 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1413/2018 തീയതി.25.06.2018 | 1 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1413/2018 തീയതി.25.06.2018 | 7 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2244/11 തീയതി.30.07.2014 | 8 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2245/11 തീയതി.30.04.2014 | 9 | |
| 2010-11, 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.3/618/2013 തീയതി.02.08.2013 | 20 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.3/208/2015 തീയതി.09.03.2015 | 13 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/885/2015 തീയതി.15.09.2015 | 28 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1259/2016 തീയതി.19.12.2015 | 25 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2071/16 തീയതി.03.12.2016 | 21 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2071/16 തീയതി.03.12.2016 | 29 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*edited BL*

## അനുബന്ധം-1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -3
# നടപ്പാത/റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ
## അധിക നിരക്ക് അനുവദിച്ച പ്രവൃത്തികളുടെ വിവരം

| പ്രോ. നം. | പ്രോജക്ടിന്റെ പേര് | കരാറുകാരൻ/ കൺവീനർ | എം ബുക്ക് നം. | ബിൽ തുക | ബിൽ നം., തീയതി | കോസ്റ്റ് ഇൻഡക്സ് | ചെയ്ത അളവ് | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | ടെണ്ടർ കിഴിവ് | അധിക ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|
| 145/18 | കമ്പംകെട്ട് വിള നടപ്പാത കോൺക്രീറ്റ് | കെ. സതീശൻ | 127/ 17-18 | 65609 | 163/ 20.01.2018 | 50.98% | 7.001m3 | 60890.84 | 58549 | .01% | 2342 |
| 142/18 | നാരകംനിന്ന അകോൽകാട് നടപ്പാത കോൺക്രീറ്റ് | കെ. സതീശൻ | 128/ 17-18 | 50539 | 164/ 20.01.2018 | 50.98% | 5.512m3 | 47940.34 | 46097 | .01% | 1843 |
| 140/18 | ജനകീയറോഡ് ബേം കോൺക്രീറ്റ് | രാമഭദ്രൻ കെ | 144/ 17-18 | 356776 | 151/ 12.01.2018 | 50.98% | 55.35m3 | 481403.86 | 462889 | 28.2% | 13294 |
| 141/18 | തുണ്ടത്തുവിള മഞ്ഞണാത്തികാല റോഡ് കോൺക്രീറ്റ് | ജെ. മണി | 106/ 17-18 | 104873 | 121/ 11.01.2018 | 50.98% | 11.3m3 | 98281.19 | 94501.34 | .5% | 3761 |
| 144/18 | മാവിള നടപ്പാത കോൺക്രീറ്റ് | ജെ. മണി | 107/ 16-17 | 76921 | 120/ 08.01.2018 | 50.98% | 9.87m3 | 85843.85 | 82542.32 | 18.1% | 2704 |
| 159/18 | പാലോട്ടുവിള അൽഫോൺസാ നഗർ നടപ്പാത കോൺക്രീറ്റ് | ബി വിജയൻ നാടാർ | 14/ 2017-18 | 115273 | 84/ 24.10.2018 | 50.98% | 16.5m3 | 143507.92 | 137988.68 | 25.1% | 4134 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 164/18 | തൈവിളാകം നടപ്പാത കോൺക്രീറ്റ് | സാം സെൽവിൻ | 22/ 17-18 | 158291 | 100/ 08.01.2018 | 50.98% | 22.79m3 | 198214.88 | 190591 | 25.5% | 5680 |
| 158/18 | പിള്ളവിളാകം ചാനൽക്കര നടപ്പാത കോൺക്രീറ്റ് | രാജു ജെ | 228/ 17-18 | 243395 | 179/ 08.02.2018 | 50.98% | 39.105m3 | 340113.78 | 327033.16 | 33.3% | 8725 |
| 257/18 | വലിയതോപ്പ് നടപ്പാത കോൺക്രീറ്റ് | രതീഷ് സി | 298/ 17-18 | 123819 | 196/ 13.03.2018 | 50.98% | 18.18m3 | 158119.64 | 152038.43 | 25.3% | 4543 |
| 289/18 | പരുത്തുപ്പാറ പ്ലാക്കോട്ടു വിളാകം നടപ്പാത കോൺക്രീറ്റ് | മിനി | 336/ 17-18 | 48902 | 300/ 28.03.2018 | 44.12% | 6.06m3 | 44698.43 | 42979.28 | ഗുണ ഭോക്തൃ സമിതി | 1719 |
| 291/18 | പാലോട്ടുവിള വടവിൻകര നടപ്പാത കോൺക്രീറ്റ് | ദിജിത്ത് | 335/ 17-18 | 45936 | 301/ 28.03.2018 | 44.12% | 5.94m3 | 43813.32 | 42128.20 | ഗുണ ഭോക്തൃ സമിതി | 1685 |
| 290/18 | പാലോട്ടുവിള കുന്നുവിള നടപ്പാത കോൺക്രീറ്റ് | രതീഷ് | 337/ 17-18 | 48651 | 302/ 28.03.2018 | 44.12% | 6.291m3 | 46402.29 | 44617.6 | ഗുണ ഭോക്തൃ സമിതി | 1785 |
| 123/18 | കിളിത്തട്ട് കുടിവെള്ള പദ്ധതിയിലേക്ക് പോകുന്ന നടപ്പാത കോൺക്രീറ്റ് | ജെ. രാജു | 355/ 17-18 | 53081 | 305/ 28.03.2018 | 50.98% | 6.859m3 | 59655.80 | 57361.47 | 17.03% | 1904 |
| 195/18 | കിണറ്റടി വിളാകം അപ്രോച്ച് റോഡ് ബേം കോൺക്രീറ്റ് | ജെ. മണി | 205/ 17-18 | 146614 | 298/ 28.03.2018 | 50.98% | 15.75m3 | 136984.84 | 131716.46 | 0.2% | 5258 |
| ആകെ | | | | | | | | | | | 59377 |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം -4
## ഓട നിർമ്മാണം / പുനരുദ്ധാരണം പ്രവൃത്തികൾ

അധിക നിരക്ക് അനുവദിച്ച പ്രവൃത്തികളുടെ വിവരം

| പ്രോ. നം. | പ്രോജക്ടിന്റെ പേര് | കരാറുകാരൻ/ കൺവീനർ | എം ബുക്ക് നം. | ബിൽ തുക | ബിൽ നം., തീയതി | കോസ്റ്റ് ഇൻഡക്സ് | ചെയ്ത അളവ് | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | ടെണ്ടർ കിഴിവ് | അധിക ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|
| 174/18 | തീരദേശ ഓടയിൽ സ്ലാബിടൽ | ജെ. മണി | 208/17-18 | 126257 | 311/ 28.03.2018 | 50.98% | 8.4m3 | 75885.68 | 72966.94 | 0.1% | 2916 |
| 192/18 | ഇരയിമ്മൻതുറ അപ്രോച്ച് റോഡിനോടു ചേർന്നു ഓട നിർമ്മാണം | ജെ. മണി | 209/17-18 | 337334 | 327/ 28.03.2018 | 50.98% | 6.21m3 | 56101.2 | 53943 | 26.1% | 1595 |
| 125/18 | ഗാന്ധിജയന്തി റോഡ് ഓട മെയിന്റനൻസും സ്ലാബ് ഇടലും | സാം സെൽവിൻ | 279/17-18 | 137965 | 331/ 28.03.2018 | 50.98% | 12.24m3 | 110576.28 | 106323.25 | 27.87% | 3068 |
| 193/18 | പി.പി. വിളാകം | സതികുമാർ പി.കെ. | 290/17-18 | 131659 | 195/ 22.02.2018 | 50.98% | 2.85m3 | 25746.93 | 24756.64 | 16% | 832 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | ഫ്രണ്ട്സ് ക്ലബിന്റെ ഭാഗത്ത് ഓട പുതുക്കി പണിയൽ | | | | | | | | | | |
| 187/18 | പള്ളം പുരയിടം ഓട മെയിന്റനൻസ് | അബിൻ രാജ് ആർ | 302/17-18 | 225683 | 200/ 28.02.2018 | 50.98% | 5.25m3 | 47428.55 | 45604.34 | 23.2% | 1401 |
| ആകെ | | | | | | | | | | | 9812 |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**